# NERVEEDHI

Volume -13, Issue - 05, 10th May 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-05, മെയ് 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## രൂപാന്തരത്തിനുള്ള സൂത്രവാക്യം

പേജ് 4

Editorial

# പൂർണ്ണമായും ചാരമാകുന്ന അനുഭവം

താരംതാണതും അധമവുമായ മാനുഷിക ചിന്തകളിൽ നിന്നും വിചാരവികാരങ്ങളിൽ നിന്നും ഉത്തമമായ ദൈവിക ചിന്താസരണിയിലേക്കും ഉന്നതമായ ദിവ്യസ്വഭാവത്തിലേക്കും രൂപാന്തരപ്പെടുക എന്നതാണ് ക്രിസ്തീയജീവിതത്തിന്റെ അന്ത:സത്ത. പൗലോസിന്റെ വാക്കുകളിൽ, 'എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ ക്രിസ്തുവിന്റെ നിറവിലേയ്ക്ക്' ആത്മികമായി വളരുക അഥവാ രൂപാന്തരപ്പെടുക എന്നതാണ് ഒരു പുരുഷായുസ്സ് കൊണ്ട് നാം പ്രാപിക്കേണ്ട സമ്പൂർണ്ണ ആത്മിക വളർച്ച. പഴയനിയമ യാഗങ്ങളെ വിചിന്തനം ചെയ്താൽ ഇത് ഗ്രഹിക്കുവാൻ എളുപ്പമാണ്. ലേവ്യപുസ്തകം ഒന്നാം അധ്യായത്തിൽ പ്രതിപാദിക്കുന്ന ഹോമയാഗ മൃഗത്തെ കഴുത്തറുത്ത്, തോലുരിച്ച്, ഖണ്ഡം ഖണ്ഡമായി മുറിച്ച് യാഗപീഠത്തിന്മേൽ വിറകിനു മീതെ വയ്ക്കുന്നു. എരിയുന്ന തീയിൽ വയ്ക്കുന്ന പച്ചമാംസം തീയിൽ നിശ്ചിത സമയം ഇരിക്കുമ്പോൾ വെന്തു ചാരമായി പരിണമിക്കുന്നു. മാംസക്കഷണമായി ഇരിക്കുകയും തീയിൽ എരിയാതിരിക്കയും ചെയ്താൽ അഥവാ തീയുടെ അഭാവത്തിൽ ആയിരുന്നാൽ ദുർഗന്ധം വമിക്കുന്ന സ്ഥിതിവിശേഷമായിരിക്കും അനുഭവപ്പെടുക. ഇതുപോലെ പരിശുദ്ധാത്മശക്തിയിൽ കാക്കപ്പെടാതിരിക്കുന്ന പക്ഷം സ്വന്ത ഇഷ്ടത്തിന് മുൻഗണന കൊടുത്തു 'ജഡത്തിനും മനോവികാരങ്ങൾക്കും ഒത്തവണ്ണം' ജീവിച്ചാൽ അങ്ങനെയുള്ളവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുകയും സത്യമാർഗ്ഗം അവഹേളിക്കപ്പെടുകയും ചെയ്യുവാൻ സാധ്യതയുണ്ട്. ഇതാണ് ദുർഗന്ധം വമിക്കുന്ന അവസ്ഥ. എന്നാൽ തീയിൽ ശക്തമായി എരിഞ്ഞമർന്നാൽ അത് ചാരമായി രൂപാന്തരപ്പെടും, എവിടെ വച്ചിരുന്നാലും യാതൊരു ദുർഗന്ധവും വമിക്കയോ, ഏതെങ്കിലും കൃമികീടങ്ങൾ അതിൽ കാണപ്പെടുകയോ ചെയ്യാതവണ്ണം സുരക്ഷിതമായിരിക്കും. ക്രിസ്തുവാകുന്ന യാഗപീഠത്തിൽ കത്തുന്ന അഗ്നിയിൽ നാം ആയിരുന്നാൽ ഇതേ അവസ്ഥയിൽ നാമും 'ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ' ആയിത്തീരും. അതായതു 'കർത്താവ് നിർമ്മലനായിരിക്കുന്നതു പോലെ നാമും നിർമ്മലരായി' രൂപാന്തരം പ്രാപിക്കും.

യാഗമൃഗം കഠിനമായ വേദനയിലൂടെ കടന്നുപോകുന്നതു പോലെ ക്രിസ്തീയജീവിതത്തിന്റെ രൂപാന്തര പ്രക്രിയയിൽ വിവിധങ്ങളായ കഷ്ടങ്ങളിലൂടെ നാമും കടന്നുപോവുകയും വെന്തെരിഞ്ഞു സമ്പൂർണ്ണ ചാരം എന്നപോലെ യാതൊരു ദുർഗന്ധത്തിനും സാധ്യതയില്ലാത്ത വിധം ക്രിസ്തുവിനോട് അനുരൂപരാവുകയും ചെയ്യുന്നു. പ്രതിസന്ധികൾ ഉണ്ടാകാത്തവണ്ണം നമ്മെ കാത്തുകൊള്ളാം എന്ന് തിരുവചനം ഉറപ്പു തരുന്നില്ല. പ്രത്യുത, അത്തരം സന്ദർഭങ്ങളിൽ അത്യുന്നതനായ ദൈവം നമ്മോടുകൂടെയിരുന്നു നമ്മെ സഹായിക്കും എന്ന ഉറപ്പ് നൽകുന്നുണ്ട്. വേദന കളിലൂടെയും കഷ്ടങ്ങളിലൂടെയും കടന്നു പോകുന്നത് യേശുകർത്താവിനോട് അനുരൂപരാകുവാനാണ് എന്ന ബോധ്യത്തിൽ സഹിഷ്ണുതയിലൂടെ സിദ്ധതയിലേക്കു പ്രവേശിക്കുകയാണ് എന്ന് തിരിച്ചറിഞ്ഞു സന്തോഷത്തോടെ രൂപാന്തര പ്രക്രിയയിൽ മുന്നേറുവാൻ കൃപയിൽ ആശ്രയിക്കണം. ഈ രൂപാന്തര പ്രക്രിയയുടെ വിവിധവും വ്യത്യസ്തങ്ങളുമായ ജീവിതാനുഭവങ്ങളെ പരാമർശിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. തുടർന്നുള്ള മറ്റെല്ലാ ലേഖനങ്ങളും നമ്മുടെ ആത്മികവർധനയ്ക്കുതകുന്നവ തന്നെയാണ്. ഓരോന്നും പഠനബുദ്ധിയോടെ അപഗ്രഥിച്ചു വായിച്ചു കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ ഓരോ വായനക്കാരെയും കർത്താവു സഹായിക്കട്ടെ.

പുസ്തകം 13 ലക്കം 5
മെയ് 2024


# ഈ ലക്കത്തിൽ


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



**രൂപാന്തരത്തിനുള്ള സൂത്രവാക്യം** **4**
ജോയ് എം. തോമസ്

**ചെറുബാലന്റെ മനോഭാവം കൂടുതൽ ഉത്തമം** **7**
സാജു മാത്യു

**ദൈവീക സ്വസ്ഥത എന്ന വാഗ്ദത്തം** **9**
ചെയ്സ് ജോസഫ്

**നമുക്കു നാമേ പണിവതു നാകം .....** **11**
ജോർജ് മാത്യു, പുതുപ്പള്ളി

**ലോകം മുഴുവൻ ദുഷ്ടതയിൽ** **13**
ഡേവിഡ് വിൽക്കേഴ്സൺ

**ഗാനരചനയുടെ പശ്ചാത്തലം** **15**

**കൗൺസലിംഗ് വീഥി** **16**
അനു ഗ്രേസ് ചാക്കോ

**ഉയരുന്നു ചോദ്യങ്ങൾ...** **18**
ഷാന്റു മാത്യു, കല്ലട

**വനിതാ വീഥി** **21**

**ദൈവം യോജിപ്പിച്ചതിനെ.....** **23**
ഡോ. കെ. ജെ. കെ

**വേദ അധ്യയനം** **25**
ജോയ് എം. തോമസ്

**വാർത്താ വീഥി** **30**

**സമാപ്തിക്കുറിപ്പ്** **31**
എംസി



# രൂപാന്തരത്തിനുള്ള സൂത്രവാക്യം

ക്രിസ്തീയ ജീവിതം രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുന്ന ജീവിതമാണ്. ജഡികരായ നാം ആത്മീയരായി രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുന്നു. ജഡത്തെ (പാപസ്വഭാവത്തെ) അനുസരിച്ച് ജീവിച്ചവരായ നാം പരിശുദ്ധാത്മാവിനെ അനുസരിച്ച് ജീവിക്കുവാൻ പഠിച്ചു കൊണ്ടിരിക്കുന്നു. ആദമിന്റെ സ്വരൂപത്തിൽ നിന്നും ക്രിസ്തുവിന്റെ സ്വരൂപത്തോടു നാം അനുരൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്രകാരം ഒരു മാറ്റം നമ്മിൽ ഉണ്ടാകുന്നില്ല എങ്കിൽ യഥാർത്ഥ ക്രിസ്തീയ പാതയിൽ നിന്നും നാം വ്യതിചലിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കണം.

നമ്മെ രൂപാന്തരപ്പെടുത്തുന്നതിന് ദൈവം ഉപയോഗിക്കുന്ന പദ്ധതി അഥവാ സൂത്രവാക്യം (Formula) അപ്പോസ്തലനായ പൗലോസ് വ്യക്തമാക്കുന്നുണ്ട്. ആ തിരുവചനം ഇവിടെ ഉദ്ധരിക്കുന്നു. '*കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല: ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നവല്ലോ*'(റോമർ 5 :3 – 5).

നമ്മെ ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുത്തുന്ന ദൈവപ്രവൃത്തിയുടെ സൂത്രവാക്യമാണ് കഷ്ടത, സഹിഷ്ണുത, സിദ്ധത (സ്വഭാവം), പ്രത്യാശ എന്നത്. അതുകൊണ്ട് കഷ്ടത ഒഴിവാക്കപ്പെടുവാൻ കഴിയുന്ന ഒന്നല്ല. 'ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു(യോഹന്നാൻ 16:33) എന്ന് നമ്മുടെ കർത്താവ് നമ്മോട് അരുളിച്ചെയ്തിരിക്കുന്നുവല്ലോ. കഷ്ടത, കയ്പ്പ് ആണെങ്കിലും പിന്നീട് അത് മധുരം ഉളവാക്കുന്നതാണ് എന്ന് നാം തിരിച്ചറിയണം. കഷ്ടതയോട് വചനാനുസൃതം ശരിയായ ഒരു മനോഭാവം നമുക്ക് ഉണ്ടായിരിക്കണം. പൗലോസിന്റെ മനോഭാവവും, ആദ്യവിശ്വാസികളുടെ മനോഭാവവും കുറിവാക്യം വ്യക്തമാക്കുന്നു 'നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു'

കഷ്ടങ്ങളാൽ നമ്മിൽ ഉളവാകുന്ന നന്മയെക്കുറിച്ചുള്ള തിരിച്ചറിവാണ്, കഷ്ടങ്ങളിലും പ്രശംസിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്നത്. കഷ്ടങ്ങളിൽ നാം ബലഹീനരും സഹായവും ആശ്വാസവും സ്വീകരിക്കുവാൻ ആവശ്യക്കാരുമായി തീരുകയാണ്. മനസ്സിന് ഭയം തട്ടുകയോ ശരീരത്തിൽ പരിക്കേൽക്കുകയോ ചെയ്യുമ്പോൾ ഒരു ചെറിയ കുട്ടി കരഞ്ഞുകൊണ്ട് അതിന്റെ മാതാവിന്റെയോ പിതാവിന്റെയോ അരികിലേക്ക് ഓടി വരുന്നതുപോലെ കഷ്ടതയിൽ നാം ദൈവത്തി

ങ്കലേക്ക് അടുത്തുവരുന്നു എന്നതാണ് കഷ്ടത യുടെ ഗുണം. നമുക്ക് ദൈവത്തിന്റെ അത്യാവശ്യം ബോധ്യപ്പെടുന്നു. നമ്മുടെ തകർന്ന മനസ്സ്ദൈവത്തിന് നമ്മെ രൂപാന്തരപ്പെടുത്തുന്നതിന് അനുകൂല ഘടകമായി മാറുന്നു.

കഷ്ടത നമ്മെ താഴ്മ പഠിപ്പിക്കും. നമ്മിലുള്ള അഹങ്കാരം പതിയെ പത്തി മടക്കും. നാം അപ്പോൾ സഹിഷ്ണുത അഭ്യസിക്കുവാൻ തുടങ്ങുകയാണ്. സഹിഷ്ണുതയുടെ വളർച്ചയാണ് സ്വഭാവരൂപീകരണത്തിന് (Character formation) അടിത്തറയായി തീരുന്നത്. ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തുന്നതിനും, കുറവുകളെ കണ്ടെത്തി ശുദ്ധീകരണം പ്രാപിക്കുന്നതിനുള്ള ആത്മപരിശോധനയ്ക്കും കഷ്ടതകൾ നമ്മെ നിർബന്ധിക്കും. ഇത് നമ്മെ ശുദ്ധീകരണത്തിലേയ്ക്കും സ്വഭാവത്തിൽ ക്രിയാത്മകമായ മാറ്റങ്ങളിലേയ്ക്കും വളരുന്നതിന് സഹായകമായി ത്തീരും. യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരാകുന്നതാണ് യഥാർത്ഥ സ്വഭാവരൂപീകരണം.

നമ്മുടെ സമാധാനത്തിനും സന്തോഷത്തിനും എതിരായി വരുന്നതെല്ലാം കഷ്ടതയാണ്. രോഗങ്ങൾ, സാമ്പത്തികത്തകർച്ച, പ്രതികൂലങ്ങൾ, നിന്ദ, പഴി, ദുഷികൾ, പീഡനം എല്ലാം കഷ്ടതകളിൽ ഉൾപ്പെടുന്നു. ഓരോരുത്തരും ജീവിതത്തിൽ വ്യത്യസ്തങ്ങളായ കഷ്ടതകൾ ആകാം അഭിമുഖീകരിക്കുന്നത്. ഏത് തരത്തിലുള്ള കഷ്ടതകൾ ആയാലും 'കഷ്ടങ്ങളിൽ അടുത്ത തുണ' ദൈവമാണ് (സങ്കീർത്തനം 46:1). നമ്മെ നന്നായി അറിയുന്നവനും, നമുക്ക് ഏറ്റവും അടുത്തുള്ളവനും സഹായിക്കാൻ കഴിവും മനസ്സും ഉള്ളവനും ദൈവം മാത്രമാണ് എന്ന തിരിച്ചറിവ് നമുക്ക് എപ്പോഴും ഉണ്ടായിരിക്കണം.

കഷ്ടതകൾ നമ്മെ അധൈര്യപ്പെടുത്തുവാൻ അനുവദിക്കരുത് 'ധൈര്യപ്പെടുവിൻ' എന്നാണല്ലോ നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. ഒരു ഭക്തൻ ഇപ്രകാരം പറയുകയുണ്ടായി: 'കഷ്ടതകളുടെ പാറകൾ നിരത്തി എന്റെ മുമ്പിലെ വഴി അടയ്ക്കുവാൻ പിശാച് ശ്രമിച്ചാൽ, ആ പാറമേൽ കയറി നിന്നുകൊണ്ട് ഞാൻ അത്രയും കൂടി ദൈവത്തോട് അടുക്കും'. എത്ര ശ്രേഷ്ഠമായൊരു മനോഭാവം! ഇതുതന്നെ ആയിരിക്കട്ടെ നമ്മുടെ ഓരോരുത്തരുടെയും തീരുമാനം. കഷ്ടങ്ങളിൽ അടുത്ത തുണയായി ഇരിക്കുന്ന കർത്താവിങ്കലേക്ക് നമുക്ക് കൂടുതലടുത്ത് ചെല്ലാം.

**കർത്താവിനോട് അടുത്തു ചെല്ലുന്നവരെയെല്ലാം ഒരമ്മ ആശ്വസിപ്പിക്കുന്നതു പോലെ കർത്താവ് ആശ്വസിപ്പിക്കും. ദൈവത്തെ 'സകല ആശ്വാസങ്ങളുടെയും' ദൈവം എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്.**

കർത്താവിനോട് അടുത്തു ചെല്ലുന്നവരെയെല്ലാം ഒരമ്മ ആശ്വസിപ്പിക്കുന്നതു പോലെ കർത്താവ് ആശ്വസിപ്പിക്കും. ദൈവത്തെ 'സകല ആശ്വാസങ്ങളുടെയും' ദൈവം എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്. ദൈവത്തിൽ നിന്നും ആശ്വാസം സ്വീകരിക്കുന്നവർ, കഷ്ടതയിൽ ആയിരിക്കുന്ന മറ്റുള്ളവരിലേക്ക് ആ ആശ്വാസം പകർന്നു നൽകുവാൻ ദൈവം അവരെ ഉപയോഗിക്കുന്നു. കഷ്ടതകളിലൂടെ രൂപാന്തരപ്പെടുന്നവർ മറ്റുള്ളവരെ ആശ്വസിപ്പിക്കുന്നവരായി, ആർദ്രതയും മനസ്സലിവും ഉള്ളവരായി മാറുകയാണ്. പൗലോസ് ഇപ്രകാരം പറയുന്നു: 'ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിലൊക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെതന്നെ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു (2 കൊരിന്ത്യർ 1:4,5).

നമ്മുടെ രക്ഷാനായകനായ കർത്താവായ യേശുക്രിസ്തു തന്റെ ദൗത്യം പൂർത്തീകരിക്കുവാൻ തികഞ്ഞവനായിത്തീർന്നത് കഷ്ടങ്ങളുടെ സഹനത്താലാണ് (എബ്രായർ 2:10). അതുകൊണ്ട് കഷ്ടങ്ങളിൽ സഹനത്തിനുള്ള ശക്തി ലഭിക്കുവാൻ യേശുവിനെ ധ്യാനിക്കുകയാണ് അനിവാര്യം. നമ്മോടുള്ള പ്രബോധനം ശ്രദ്ധിക്കുക: 'നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ' (എബ്രായർ 12:3). കർത്താവ് സഹിച്ച കഷ്ടങ്ങളുടെ ഘോരത്വം, ധ്യാനിക്കുന്നവർക്ക് മനസ്സിലാകും. പാപം ഒന്നും ഇല്ലാത്ത പരിശുദ്ധനായവൻ ഏതെല്ലാം നിലകളിലാണ് പീഡനം അനുഭവിച്ച

ത്. പരിഭവം കൂടാതെ, പരാതികൾ ഇല്ലാതെ എല്ലാം ശാന്തമായി സഹിക്കുന്ന കർത്താവ് നമുക്ക് മാതൃകയാണ്. കർത്താവിനെ ധ്യാനിക്കുമ്പോൾ കർത്താവ് നമ്മെ സ്നേഹിച്ച സ്നേഹത്തിന്റെ വലിപ്പം നമുക്ക് മനസ്സിലാവും. കർത്താവിനോടുള്ള സ്നേഹം നമ്മിൽ വളരുവാൻ തുടങ്ങും. തന്നിമിത്തം നാം അറിയാതെ തന്നെ കർത്താവിനോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കും. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും ഉളവാക്കുന്നു എന്നത് യാഥാർത്ഥ്യമായി തീരുന്നു.

സിദ്ധതയിൽ (സ്വഭാവം) നിന്നും ഉളവാകുന്നതാണ് യഥാർത്ഥ പ്രത്യാശ. അതായത് സിദ്ധതയും പ്രത്യാശയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യോഹന്നാൻ ഇപ്രകാരം എഴുതുന്നു: 'അവനിൽ ഈ പ്രത്യാശയുള്ളവർ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു'(1 യോഹന്നാൻ 3:3) നിർമ്മലനായിരിക്കുന്ന യേശുവിന്റെ സ്വഭാവശ്രേഷ്ഠതയും, വിശുദ്ധിയുടെ ഉന്നതനിലവാരവും മനസ്സിലാക്കി അനുകരിക്കാൻ ഇടയാകുമ്പോഴാണ് നമ്മുടെ സ്വഭാവം യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്നത്. ഇപ്രകാരമുള്ള ആത്മവളർച്ചയിലാണ് പ്രത്യാശയുടെ സമൃദ്ധി പ്രാപിക്കുന്നത്.

കർത്താവ് വേഗം മടങ്ങിവരും എന്ന വിശ്വാസവും, കർത്താവിനോട് കൂടെ ആയിരിക്കുവാനുള്ള വാഞ്ഛയും, കർത്താവ് വരുമ്പോൾ എടുത്തുകൊള്ളപ്പെടും എന്ന ഉറപ്പും യഥാർത്ഥ പ്രത്യാശയിലടങ്ങിയിട്ടുണ്ട്. കർത്താവ് വരും എന്ന് വിശ്വസിക്കുന്നവരിൽ പലർക്കും ഇന്ന്, കർത്താവിനോട് ചേരുവാനുള്ള വാഞ്ഛയോ, കർത്താവ് വരുമ്പോൾ എടുത്തു കൊള്ളപ്പെടും എന്ന ഉറപ്പോ ഇല്ല എന്നത് ദു:ഖകരമാണ്. വാസ്തവത്തിൽ പ്രത്യാശ ഇല്ലാത്തവരായി അനേക വിശ്വാസികൾ അധ:പതിച്ചിരിക്കുന്നു.

ഈ ലോകം നമുക്ക് യോഗ്യമല്ല എന്ന് ലോകത്തിലെ കഷ്ടങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ലോകജീവിതത്തെ സുഖപ്രദം (Comfortable) ആക്കുവാൻ അല്ല കർത്താവ് തന്റെ ജീവൻ ക്രൂശിൽ അർപ്പിച്ചത്; പ്രത്യുത നമ്മുടെ നിത്യത പരമാനന്ദകരമാക്കുവാനാണ്. അതുകൊണ്ട് ഈ ലോകത്തിൽ മാത്രം ക്രിസ്തുവിൽ ആശ അർപ്പിക്കുന്നവർ സകല മനുഷ്യരിലും അരിഷ്ടന്മാരാണ് (1 കൊരിന്ത്യർ 15:19).

നാം ക്രിസ്തുവിൽ വിശ്വസിച്ചത് നിത്യജീവൻ പ്രാപിച്ച് നിത്യതയിൽ ക്രിസ്തുവിനോട് കൂടെ ആയിരിക്കുന്നതിനാണ്. ആ പ്രത്യാശ ആരിലൊക്കെ ഉണ്ടോ അവർ ക്രിസ്തുവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. കർത്താവ് നിർമ്മലനായിരിക്കുന്നതുപോലെ അവർ അവരെത്തന്നെ നിർമ്മലീകരിക്കുന്നു. കഷ്ടതകളിൽ കൂടി ദൈവം നമ്മെ രൂപാന്തരപ്പെടുത്തി തേജസ്കരണത്തിലേക്ക് വഴി നടത്തുകയാണ് എന്നു ഗ്രഹിക്കുന്നവർ കഷ്ടതയിൽ തളരാതെ, കഷ്ടങ്ങളിലും പ്രശംസിക്കുന്നവരായി തീരുന്നു.

കഷ്ടതയെ ദു:ഖത്തോടെയാണല്ലോ തരണം ചെയ്യുക. സന്തോഷത്തോടെ മാത്രം കഷ്ടങ്ങളിലും പ്രശംസിക്കുന്ന ആത്മീയ അനുഭവം നല്ലതാണ്. അതുകൊണ്ട് ഈ സൂത്രവാക്യം മറക്കാതിരിക്കാം. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു! ആമേൻ!

## കഷ്ടത ഒരു വരം

**ഒരു ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചിടത്തോളം, കഷ്ടപ്പാടുകളുടെ ഓരോ പരീക്ഷണവും വിശ്വാസത്തിൽ വളരാനും കർത്താവുമായുള്ള സജീവബന്ധം ദൃഢമാക്കുവാനും ദൈവം ഒരുക്കുന്ന അവസരമാണ്. ദൈവത്തിന്റെ അനുകമ്പയും ആശ്വാസവും പ്രകടമാക്കുന്ന അതുല്യമായ അനുഭവങ്ങൾ ആസ്വദിക്കുവാനുള്ള വിശേഷമായ അവസരമാണ്. തന്റെ പുത്രന്റെ സ്വഭാവത്തോടു അനുരൂപപ്പെടാൻ നാം ഓരോരുത്തരും അനുഭവിക്കുകയും പഠിക്കുകയും ചെയ്യേണ്ടത് എങ്ങനെയാണെന്ന് ദൈവത്തിന് മാത്രമേ അറിയൂ. അതിലൊരു മാർഗ്ഗം മാത്രമാണ് കഷ്ടത! അതിനാൽ യഥാർത്ഥ ക്രിസ്ത്യാനി കഷ്ടങ്ങളിൽ പ്രശംസിക്കുന്നവനായിരിക്കും നിശ്ചയം!**



സാജു മാത്യു

# ചെറുബാലന്റെ മനോഭാവം കൂടുതൽ ഉത്തമം

***"പിന്നെ യേശു അപ്പം എടുത്തു വാഴ്ത്തി, ഇരുന്നവർക്കു പങ്കിട്ടുകൊടുത്തു; അങ്ങനെതന്നെ മീനും വേണ്ടുന്നിടത്തോളം കൊടുത്തു" (യോഹന്നാൻ 6:11).***

ഒരു പ്രതിസന്ധിയെ നാം എങ്ങനെ നേരിടുന്നുവെന്നതാണ് നമ്മുടെ കാഴ്ചപ്പാടിനെ വെളിവാക്കുന്നത്. നാം പ്രശ്നത്തെ എങ്ങനെ കാണുന്നുവെന്നും പരിഹാരത്തിന് എന്തു മാർഗം അവലംബിക്കുന്നുവെന്നതും നമ്മുടെ കാഴ്ചപ്പാടിനെ മാത്രമല്ല, മിക്കപ്പോഴും നമ്മുടെ സ്വഭാവത്തെയും വെളിപ്പെടുത്തുന്നു. നമ്മുടെ വേദഭാഗത്ത് (യോഹന്നാൻ 6:5 – 11) ഇതാ ഒരു 'പ്രതിസന്ധി' ഉളവാകുന്നു. വിശക്കുന്നവരായ വലിയൊരു പുരുഷാരം! ഇതിനു മുൻപിലുള്ള അധ്യായത്തിൽ യേശുവിനെ നാം കാണുന്നത് യെരുശലേമിലാണ്. ഇപ്പോൾ ഗലീലാക്കടലിന്റെ അക്കരെ... മുക്കുവഗ്രാമങ്ങളായ ബെത്ത്സയ്ദയിൽ എന്നു നമുക്കു മനസ്സിലാക്കാം. അവിടെ യേശുവിന്റെ അടുത്തെത്തിയ രോഗികളെ സ്വാഭാവികമായും അവൻ സൗഖ്യമാക്കി... "അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കണ്ടിട്ട് ഒരു വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു" (യോഹന്നാൻ 6:2). "യേശു ഒരു മലയിൽ കയറി ശിഷ്യന്മാരോടുകൂടെ അവിടെ ഇരുന്നു" (യോഹന്നാൻ 6:3).

അതൊരു 'നിർജനപ്രദേശ'മെന്നാണ് മത്തായി വിവരിക്കുന്നത് (മത്തായി 14:13). മർക്കൊസും ഇത് ശരിവെയ്ക്കുന്നുണ്ട് (മർക്കൊസ് 6:35). വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ ആകെ വിഷമിച്ചു: വലിയ പുരുഷാരം, നിർജനപ്രദേശം! ആ ദേശത്തെങ്ങും ഒരു 'ഹോട്ടൽ' പോലുമില്ല. ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണം? അവരുടെ ആദ്യപ്രതികരണം എന്തായിരുന്നു എന്നു നോക്കാം. മത്തായി അതു വിവരിക്കുന്നുണ്ട്: "വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു: കർത്താവേ, ഈ സ്ഥലം മരുഭൂമിയല്ലോ; നേരവും വൈകി. പുരുഷാരം ഗ്രാമങ്ങളിൽ പോയി ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന് അവരെ പറഞ്ഞയയ്ക്കണം" എന്നു പറഞ്ഞു (മത്തായി 14:15). "അവരെ പറഞ്ഞയയ്ക്കണം" എന്നതായിരുന്നു ശിഷ്യന്മാർ കണ്ടെത്തിയ ആദ്യത്തെ പ്രശ്നപരിഹാരമാർഗം! "വെറുതെ വയ്യാവേലി തലയിൽ കയറ്റിവെയ്ക്കേണ്ട. ഈ ജനങ്ങൾ നമുക്കൊരു ഭാരമാകുന്നതിനു മുൻപ് വല്ല വിധേനയും അവരെ പറഞ്ഞുവിട്... അവർ പോകുന്നവഴി തിന്നുകയോ തിന്നാതിരിക്കുകയോ എന്തെങ്കിലും ചെയ്യട്ടെ. എന്തായാലും നമ്മുടെ തലയിൽ നിന്ന് ഇതുങ്ങളെ ഒന്ന് ഒഴിവാക്കിത്തരണം...".

പ്രശ്നങ്ങളെ നേരിടുവാനല്ല, വല്ലവിധേനയും പ്രശ്നങ്ങളിൽ നിന്നും തലയൂരുവാനാണ് മനുഷ്യന്റെ സ്വാഭാവിക പ്രവണത. വഴിയിൽ ഒരു ആക്സിഡന്റ് ഉണ്ടായാലും വണ്ടിനിർത്തി ആളെ സഹായിക്കാനല്ലല്ലോ നമ്മുടെ ആദ്യപ്രവണത! "ഇനി അതിന്റെ പുറകെ പോയി വെറുതെ കേസും സാക്ഷിപറച്ചിലും... വേറെ പണിയൊന്നുമില്ലേ? രക്ഷപെടാൻ നോക്ക്..." എന്നാണ് നമ്മുടെ മനസ്സ് നമ്മോട് ആദ്യം പറയുന്നത്! സമൂഹവും അങ്ങ

നെതന്നെ. പ്രശ്നത്തിലുള്ളവരെ സഹായിക്കാനല്ല, ഒഴിവാക്കാനാണ് നമ്മുടെ സ്വാഭാവിക പ്രവണത. കുടുംബങ്ങളിൽപോലും അങ്ങനെതന്നെ! നമുക്കു യോജിക്കാവുന്നവരോട് സഹകരിക്കാൻ മാത്രമല്ല, സഹവസിക്കാനും നാം ഒരുക്കമാണ്. എന്നാൽ വേദനിക്കുന്നവരെ കൂടെക്കൂട്ടി "ഒരു ഭാരം കൂടെ'' തലയിൽ കയറ്റിവെയ്ക്കാൻ നാം തയ്യാറല്ല.

**പ്രശ്നത്തിലുള്ളവരെ സഹായിക്കാനല്ല, ഒഴിവാക്കാനാണ് നമ്മുടെ സ്വാഭാവിക പ്രവണത. കുടുംബങ്ങളിൽപോലും അങ്ങനെതന്നെ! നമുക്കു യോജിക്കാവുന്നവരോട് സഹകരിക്കാൻ മാത്രമല്ല, സഹവസിക്കാനും നാം ഒരുക്കമാണ്.**

ഇക്കാര്യത്തിൽ ഇന്നത്തെ സഭയും ശിഷ്യന്മാരുടെ കൂട്ടുകാർ തന്നെ... ബാധ്യതയായേക്കാവുന്ന പുരുഷാരത്തെ ഒഴിവാക്കാനാണ് സഭകൾക്കും താല്പര്യം! കനത്ത സ്തോത്രകാഴ്ച ഇടുന്നവരെയാണ് സഭയും തേടി നടക്കുന്നത്. അല്ലാതെ തീറ്റിപ്പോറ്റേണ്ട ഒരു സമൂഹത്തെയല്ല. എന്നാൽ കർത്താവ് വിശക്കുന്നവരെ ഒഴിവാക്കാൻ ആഗ്രഹിക്കുന്നില്ല. തന്റെ പ്രസംഗത്തിനു വന്നു 'ഇരുന്നു തരുന്ന' ഒരു സമൂഹമായല്ല യേശു ജനങ്ങളെ കണ്ടത്. അവൻ പുരുഷാരത്തിന്റെ എല്ലാ ആവശ്യങ്ങളെക്കുറിച്ചും ബോധ്യമുള്ളവനായിരുന്നു. തന്റെ മുമ്പിലിരിക്കുന്ന ജനം വെറും ''ആത്മാക്ക''ളല്ലെന്നും, അവർക്കൊരു ശരീരംകൂടെ ഉണ്ടെന്നും ആ ശരീരത്തിൽ വിശപ്പുണ്ടെന്നും ഒക്കെ അവിടുത്തേക്ക് അറിയാമായിരുന്നു. അവരെ പട്ടിണിയായി പറഞ്ഞുവിടുവാൻ യേശുവിന് മനസ്സില്ലായിരുന്നു. അവിടുന്ന് നാലായിരംപേർക്കു ഭക്ഷണം കൊടുക്കുന്ന സന്ദർഭത്തിലും പറയുന്നത്: "അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ട് അവരെക്കുറിച്ച് എനിക്കു മനസ്സലിവു തോന്നുന്നു; അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല'' എന്നാണ് കർത്താവ് പറയുന്നത് (മത്തായി 15: 32).

ഇതിനർഥം യേശുവിന്റെ പ്രഥമപരിഗണന ഭക്ഷണമായിരുന്നെന്നല്ല, തീർച്ചയായും യേശു വന്നത് മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങളിൽ നിന്നു വീണ്ടെടുക്കാനാണ് (മത്തായി 1: 21). എന്നാൽ മനുഷ്യന്റെ ശാരീരിക ആവശ്യങ്ങളെയും യേശു നിഷേധിച്ചില്ല! യേശുവിലൂടെ ജനങ്ങളെ പാപമോചിത അവസ്ഥയിലേക്കു കൈപിടിച്ചു നടത്തേണ്ടതിനാണു സഭ... എന്നാൽ ജനങ്ങളുടെ അനുദിന ആവശ്യങ്ങളെക്കുറിച്ചും കൂടെ സഭ കരുതൽ കാണിക്കണം! കഷ്ടപ്പെടുന്നവരെ ഒഴിവാക്കാനല്ല, കഷ്ടപ്പെടുന്നവരെ സഹായിക്കാനാണ് സഭ പരിശ്രമിക്കേണ്ടത്. പുരുഷാരത്തിനു വിശന്നപ്പോൾ – ജനം പ്രതിസന്ധിയിലായപ്പോൾ– ശിഷ്യന്മാർ അവരെ ഒഴിവാക്കാൻ നോക്കി. എന്നാൽ യേശു അവരോട് കരുണയും കരുതലും കാണിച്ചു.

ഭക്ഷ്യപ്രതിസന്ധിക്ക് ശിഷ്യന്മാർ അടുത്തതായി നിർദേശിച്ച 'പ്രശ്നപരിഹാരമാർഗ്ഗം' എന്തെന്നു നോക്കാം. യേശു ഫിലിപ്പോസിനോടു ചോദിക്കുന്നു: "ഇവർക്ക് തിന്നുവാൻ നാം എവിടെനിന്ന് അപ്പംവാങ്ങും?" (യോഹന്നാൻ 6: 5). എന്തുകൊണ്ട് യേശു ഫിലിപ്പോസിനോട് ഇതു ചോദിച്ചു? ഫിലിപ്പോസ് ബേത്ത്സെയ്ദ ക്കാരനാണ് (യോഹ.1:44). അവൻ ആ നാട്ടുകാരൻ തന്നെയാണല്ലോ.

നാട്ടിൽ ഒരു പ്രശ്നമുണ്ടായാൽ ആ നാട്ടുകാർക്ക് അവരുടേതായ ചില പരിഹാരമാർഗ്ഗങ്ങളൊക്കെ കാണും.എന്നാൽ, ഫിലിപ്പോസ് മാത്രമല്ല, പത്രോസും അന്ത്രയാസും ഒക്കെ ബേത്ത്സയ്ദക്കാർ തന്നെ... അപ്പോൾ ഫിലിപ്പോസിനോടു തന്നെ ഈ ചോദ്യം ചോദിക്കാൻ കാരണമെന്ത്? യേശു ഇത് അവനെ പരീക്ഷിക്കാനാണ് ചോദിച്ചത് (യോഹന്നാൻ 6: 6). ഇവിടെ 'പരീക്ഷിക്കുക' എന്നത് 'പഠിപ്പിക്കുക' എന്ന അർഥത്തിലാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഒരു പ്രതിസന്ധിയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഫിലിപ്പോസിനെ പഠിപ്പിക്കാൻ യേശു ആഗ്രഹിച്ചു. നാട്ടുകാരന്റെ നിർദേശമെന്തെന്ന് ആദ്യം അറിയണമല്ലോ. പിന്നെ വേണമല്ലോ തിരുത്തൽ നടത്താൻ.

ഫിലിപ്പോസ് പറയുന്നത്: "ഓരോരുത്തന് അല്പമല്പം ലഭിക്കേണ്ടതിന് ഇരുന്നൂറു പണത്തിന് അപ്പം മതിയാകയില്ല" എന്നാണ് (യോഹന്നാൻ 6: 7). ഇരുന്നൂറു പണമെന്നാൽ ഒരു തൊഴിലാളിയുടെ ഇരുന്നൂറു ദിവസത്തെ കൂലിയാണ്. ഇന്നത്തെ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# ദൈവീക സ്വസ്ഥത എന്ന വാഗ്ദത്തം

**വായനാഭാഗം: എബ്രായർ 4: 1 – 3**

എബ്രായലേഖനം നാലാം അധ്യായത്തിൽ, വിശ്വസിക്കുന്നവർക്ക് ഒരു വലിയ വാഗ്ദത്തം ലഭിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മുതൽ അവനായി ഒരുക്കിവച്ചിരുന്നതും എന്നാൽ വിശ്വാസം ഇല്ലാതിരുന്നതിനാൽ ആരും പ്രവേശിക്കാതിരുന്നതുമായ സ്വസ്ഥത എന്ന വാഗ്ദത്തം വിശ്വസിക്കുന്നവരായ നമുക്ക് വേണ്ടി വച്ചിരിക്കുന്നു. നാം ഏറ്റവും വിലയേറിയതായി കാണേണ്ടതും ഭയത്തോടെ നോക്കേണ്ടതുമായ ഒരു വാഗ്ദത്തമാണ് ദൈവീകസ്വസ്ഥത എന്നുള്ളത്.

എബ്രായലേഖനം എഴുതിയിരിക്കുന്നതുതന്നെ യഹൂദവിശ്വാസത്തിലേക്ക് മടങ്ങുവാനുള്ള പ്രവണത പലരും കാണിച്ചിരുന്നതിന്റെ പശ്ചാത്തലത്തിൽ ആണ്. അതുകൊണ്ട് ആരെങ്കിലും കർമ്മമാർഗ്ഗത്തിലേക്ക് അല്ലെങ്കിൽ ആവർത്തിക്കപ്പെടുന്ന യാഗങ്ങളുടെ മാർഗ്ഗങ്ങളിലേക്കു തിരിഞ്ഞു, സ്വസ്ഥത എന്ന വാഗ്ദത്തം കൈമോശം വന്നവരായി കാണപ്പെടുമോ എന്നത് ഒരു ഭയമായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. സദ്വർത്തമാനം കേട്ട പലരും ലോകത്തിന്റെ അംഗീകാരത്തിനായി പഴയ വ്യവസ്ഥയിൽ തന്നെ നിൽക്കുകയോ, പഴയതിലേക്കു മടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുകയോ ചെയ്യുന്ന ഒരു സാഹചര്യം ഭയം ഉണ്ടാക്കുന്ന ഒന്നാണ്. അതുകൊണ്ടാണ് സ്രഷ്ടാവ് തന്നെ വന്നു നമ്മോടു പറഞ്ഞ ഈ മഹത്തായ രക്ഷയെ അവഗണിച്ചാൽ അത് എത്ര വലിയ ശിക്ഷാവിധിക്കു കാരണമാകും എന്ന് നാം വായിക്കുന്നത്.

**ദൈവീക സ്വസ്ഥത എന്നാൽ എന്താണ്?**

ഉല്പത്തിയിൽ ആണ് നാം സ്വസ്ഥത എന്ന വാക്കും വിശുദ്ധീകരണം എന്ന വാക്കും ആദ്യം വായിക്കുന്നത്. ഇത് രണ്ടും തമ്മിൽ ഒരു വലിയ ബന്ധം ഉണ്ട്. ദൈവം വിശുദ്ധീകരിച്ചത് ഏഴാം ദിവസം എന്ന സ്വസ്ഥതയുടെ ദിവസത്തെ ആണ്. നാം ഉല്പത്തിയുടെ ആദ്യ രണ്ടു അധ്യായങ്ങൾ വായിക്കുമ്പോൾ ദൈവം സ്വസ്ഥത എന്ന വാഗ്ദത്തം കൊണ്ടുദ്ദേശിച്ചത് എന്താണെന്നു നമുക്ക് മനസ്സിലാക്കാം. മനുഷ്യൻ ആണ് അവസാനത്തെ സൃഷ്ടി എന്നു നമുക്ക് അറിയാമല്ലോ! മനുഷ്യനെ സൃഷ്ടിച്ച ശേഷം ആണ് ദൈവം സ്വസ്ഥത പ്രഖ്യാപിക്കുന്നത്.

ശാബത് എന്നതുകൊണ്ട് പലരും ഉദ്ദേശിക്കുന്നത് ഒന്നും ചെയ്യാതെ ഇരിക്കുന്ന അവസ്ഥ, അല്ലെങ്കിൽ വിശ്രമിക്കുന്ന അവസ്ഥ എന്നാണ്. എന്നാൽ ദൈവത്തെ സംബന്ധിച്ച് ദൈവം ഒന്നും പ്രവർത്തിക്കാതിരിക്കുന്നില്ല. വേല എടുത്തു തളർന്നു വിശ്രമിക്കുന്നുമില്ല. പിന്നെയോ, സൃഷ്ടിയോടു ചേർന്നുള്ള ഒരു സ്വസ്ഥത ആണ് ദൈവം ഉദേശിച്ചത്. മനുഷ്യന് നൽകിയ ഏറ്റവും വലിയ വാഗ്ദാനം ദൈവവും ആയുള്ള സ്വസ്ഥതയിൽ പ്രവേശിക്കാം എന്നുള്ളതാണ്. ഇന്നു ചിന്തിക്കുമ്പോഴും ദൈവവും നാമും തമ്മിൽ സ്വസ്ഥത ഉണ്ടെങ്കിൽ അത് ഏറ്റവും മനോഹരവും അമൂല്യവും ആയ ഒരു അവസ്ഥ തന്നെ ആണ്.

എന്നാൽ മനുഷ്യന്റെ സൃഷ്ടി കഴിഞ്ഞപ്പോൾ ദൈവം ഒരുക്കി വച്ച സ്വസ്ഥതയിലേക്കു പ്രവേശിക്കുന്നതിന് പകരം അവർ സാത്താന്റെ പ്രലോഭനത്തിൽ വീണു ദൈവവുമായുള്ള സ്വസ്ഥത

നഷ്ടപ്പെടുത്തി. അതുകൊണ്ട് ദൈവം അവർക്കു ആഴ്ചയിൽ ഒരു ദിവസം ശാബത് എന്ന നിയമം നൽകി. ക്രിസ്തുവിനെ അറിഞ്ഞശേഷവും വിശ്വാസക്കുറവ് കാരണം വിശ്രമം അനുഭവിക്കാതെ അല്ലെങ്കിൽ സ്വസ്ഥതയിൽ പ്രവേശിക്കാതെ അനേകരെ കാണുന്നു. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നത് എന്ന് ഇവിടെ പറയുന്നു. റോമാലേഖനം അഞ്ചാം അധ്യായത്തിൽ പറയുന്ന പോലെ വിശ്വാസത്താൽ നീതികരിക്കപ്പെട്ടതുകൊണ്ടാണ് നമുക്ക് ദൈവവും ആയി സ്വസ്ഥത ഉണ്ടായത്. പ്രവൃത്തിയാൽ ആയിരുന്നു എങ്കിൽ ആർക്കും ഒരു സ്വസ്ഥതയും ഉണ്ടാവുകയില്ലായിരുന്നു,

**സ്വസ്ഥത വിശ്വസിക്കുന്നവരുടെ അവകാശം**

ഇവിടെ എഴുത്തുകാരൻ പറയുന്നു, സദ്വർത്തമാനം കേട്ടവർ എങ്കിലും വിശ്വാസമായി പരിണമിച്ചില്ലെങ്കിൽ അത് ഉപകാരമായി വരുന്നില്ല. ഇതുതന്നെ ആണ് പഴയനിയമ കാലത്തു ഇസ്രായേൽ മക്കളിൽ വലിയ ഒരു വിഭാഗത്തിനും സംഭവിച്ചത്. അവർ വിശ്വാസത്താൽ സ്വസ്ഥത അവകാശം ആക്കിയില്ല.

ശാബത് എന്ന് കേൾക്കുമ്പോൾ നമ്മുടെ ഉള്ളിലേക്ക് പെട്ടെന്ന് വരുന്നത് ആഴ്ചയുടെ ഏഴാം ദിവസം മറ്റു പണികൾ ഒന്നും ചെയ്യാതെ ദൈവ കാര്യങ്ങളുമായി ചിലവിടുന്നതിനെ കുറിച്ചാണ്. എന്നാൽ ദൈവം അങ്ങനെ തന്നെ ആണോ ഉദ്ദേശിച്ചത്? നമുക്ക് ഒന്ന് പരിശോധിക്കാം: ഉല്പത്തി പുസ്തകം ആദ്യത്തെ അധ്യായത്തിൽ ആണ് നാം സൃഷ്ടിയുടെ വിവരങ്ങൾ കാണുന്നത്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് പറഞ്ഞുതുടങ്ങിയ ശേഷം ആറാം വാക്യത്തിൽ ആണ് സന്ധ്യയായി, ഉഷസുമായി, ഒന്നാം ദിവസം എന്ന് പറഞ്ഞിരിക്കുന്നത്. ഓരോദിവസവും സൃഷ്ടി കഴിഞ്ഞു സന്ധ്യ ആവുകയും അടുത്ത ഉഷസ് ആവുകയും ചെയ്യുമ്പോൾ ആണ് ആ ദിവസം തീർന്നതായി പ്രഖ്യാപിക്കുന്നത്.

ഉല്പത്തി ആദ്യത്തെ അധ്യായം ഇരുപത്താറാം വാക്യം ആണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന് പറയുന്നത്. ആ അധ്യായം അവസാനിക്കുമ്പോൾ പറയുന്നു, സന്ധ്യയായി, ഉഷസുമായി, ആറാം ദിവസം. അതിനർത്ഥം ആറു ദിവസങ്ങളും തീർന്നുകഴിഞ്ഞു എന്നാണ്. ഇനി രണ്ടാം അധ്യായത്തിലേക്കു കടക്കുമ്പോൾ ദൈവം ഏഴാം ദിവസം പ്രവൃത്തികളിൽ നിന്ന് വിരമിച്ചു എന്നും ഏഴാം ദിവസത്തെ ശുദ്ധീകരിച്ചു എന്നും പറയുന്നു. എന്നാൽ വേദപുസ്തകത്തിൽ ഒരിടത്തും സന്ധ്യയായി, ഉഷസുമായി, ഏഴാം ദിവസം എന്ന് പറയുന്നില്ല. ഏഴാം ദിവസം ഇനിയും അവസാനിച്ചിട്ടില്ലേ? ഒരുപക്ഷെ ഉല്പത്തി പുസ്തകം വായിക്കുമ്പോൾ നമുക്ക് അത് കൃത്യമായി മനസ്സിലാവണം എന്നില്ല. എന്നാൽ എബ്രായ ലേഖനത്തിൽ പറയുന്നത് ദൈവം സൃഷ്ടിക്കു ശേഷം മനുഷ്യനുമായി സ്വസ്ഥതയിൽ ഇരിക്കണമെന്നു ആഗ്രഹിച്ചു. എങ്കിലും മനുഷ്യൻ ദൈവതേജസ്സു നഷ്ടപ്പെടുത്തി ദൈവത്തോടുള്ള കൂട്ടായ്മ അവസാനിപ്പിച്ചു. അതുകൊണ്ട് അവരുടെ സ്വസ്ഥത ഒരു നിഴൽ മാത്രം ആയി അവശേഷിച്ചു. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു; ലോകസ്ഥാപനത്തിങ്കൽ പ്രവൃത്തികൾ തീർന്നുപോയശേഷവും: അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു ഞാൻ എന്റെ കോപത്തിൽ സത്യം ചെയ്തു എന്നു അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ഏഴാം നാളിൽ ദൈവം തന്റെ സകല പ്രവൃത്തികളിൽനിന്നു നിവൃത്തനായി എന്നു ഏഴാം നാളിനെക്കുറിച്ചു ഒരേടത്തു പറഞ്ഞിരിക്കുന്നു. എന്റെ സ്വസ്ഥതയിൽ അവർ പ്രവേശിക്കയില്ല എന്നു ഇവിടെ പിന്നെയും അരുളിച്ചെയ്യുന്നു. അതുകൊണ്ടു ചിലർ അതിൽ പ്രവേശിപ്പാൻ ഇട ശേഷിച്ചിരിക്കയാലും മുമ്പെ സദ്വർത്തമാനം കേട്ടവർ അനുസരണക്കേടുനിമിത്തം പ്രവേശിക്കാതെ പോകയാലും ഇത്ര കാലത്തിന്റെ ശേഷം ദാവീദ് മുഖാന്തരം: ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു എന്നു മുമ്പെ പറഞ്ഞതുപോലെ ഇന്നു എന്നൊരു ദിവസം പിന്നെയും നിശ്ചയിക്കുന്നു. ഈ വാക്യങ്ങൾ എന്താണ് വ്യക്തമാക്കുന്നത്? ഏഴാം നാൾ എന്നത് ദൈവവുമായുള്ള നിത്യസ്വസ്ഥതയെ സൂചിപ്പിക്കുന്നു. ദൈവവുമായി എതിർത്ത് മരുഭൂമിയിൽ പട്ടുപോയതുപോലെ അല്ല. എന്നെന്നും കർത്താവുമായുള്ള, ഒരിക്കലും അഴിയാത്ത സ്വസ്ഥയിലേക്കു പ്രവേശിക്കുവാനാണ് ഈ വാഗ്ദത്തങ്ങൾ നമ്മെ നിർബന്ധിക്കുന്നത്. ഏഴാം ദിവസത്തെ സ്വസ്ഥതയിലേക്കു ദൈവം നമ്മെ വിളിച്ചു കൊണ്ടിരിക്കുന്നു. ഇന്ന് എന്ന ദിവസം ആ സ്വസ്ഥതയിലേക്കു പ്രവേശിച്ച് അനുസരണക്കേടിന്റെ മേലുദ്ധരിച്ച സമദൃഷ്ടാന്തങ്ങളിൽ വീഴാതെ ഇരിക്കേണ്ടതിനുള്ളതാണ്. അതുകൊണ്ട് നമ്മുടെ വാഗ്ദത്തമായ ദൈവീക സ്വസ്ഥതയിലേക്കു വിശ്വാസം എന്ന അനുഗ്രഹത്തിലൂടെ ധൈര്യമായി പ്രവേശിക്കുക. •



ജോർജ് മാത്യു, പുതുപ്പള്ളി

# നമുക്കു നാമേ പണിവതു നാകം നരകവുമതു പോലെ

'ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു' (സങ്കീർത്തനം 133:1). എവിടെ ജനം ഐക്യത്തോടും രഞ്ജിപ്പോടും കഴിയുന്നുവോ അവിടെ സന്തോഷവും സമാധാനവും നിറഞ്ഞുനിൽക്കും. പറുദീസയുടെ ഒരു സൗരഭ്യം അവിടെ പരന്നൊഴുകും. കയ്പായ ചിന്തകൾ വച്ചുപുലർത്തുകയും പരസ്പരം കലഹിക്കുകയും ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തികൾ വസിക്കുന്ന ഭവനങ്ങളിലും, ആരാധിക്കുന്ന സഭകളിലും നരകത്തിന്റെ വിഷം വമിച്ചുകൊണ്ടിരിക്കും. പറുദീസയുടെ അംശം നിറഞ്ഞ ഭവനങ്ങൾ തുലോം വിരളമായിക്കൊണ്ടിരിക്കുന്നു. ഭക്തരെന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽപ്പോലും നീരസവും പകയും വെറുപ്പും സർവസാധാരണമായി മാറിയിരിക്കുന്നു.

കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ ഇക്കാര്യം വിശകലനം ചെയ്യുമ്പോൾ ഇതിന്റെ ഗൗരവം നമുക്കു വ്യക്തമാകും. സഹോദരന് എതിരായ ചിന്തകൾ ഹൃദയത്തിൽ വച്ചുപുലർത്തുന്ന വ്യക്തികൾക്ക് വളരെ കർശനമായ ശിക്ഷാവിധിയുണ്ടാകുമെന്ന് യേശുകർത്താവ് കർശനമായി പറഞ്ഞു. എന്തു വിലകൊടുത്തും സഹോദരനുമായി നിരന്നുകൊള്ളാനും അനുരഞ്ജനം പ്രാപിച്ചുകൊള്ളാനും കർത്താവ് ഉദ്ബോധിപ്പിക്കുന്നു. അല്ലാത്തപക്ഷം ഭയാനകങ്ങളായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നും താൻ മുന്നറിയിപ്പ് നൽകുന്നു (മത്തായി 5:23 –26). അവർ തടവിൽ ആയിപ്പോകുമെന്നാണ് കർത്താവ് പറയുന്നത്. കരച്ചിലും പല്ലുകടിയും നിറഞ്ഞ അന്ധകാര രാജ്യത്തിൽ അവർ ചെന്നെത്തും.

പിണക്കം തിങ്ങിയവരെ മരണയോഗ്യർ എന്നാണ് അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിക്കുന്നത് (റോമർ 1:29,32). മറ്റൊരു ഭാഗത്ത് ദൈവക്രോധത്തിന് ഇരയാകുന്ന ആക്ഷേപാർഹരായ ആളുകളുടെ കൂട്ടത്തിലാണ് അപ്പൊസ്തലൻ അവരെ ഉൾപ്പെടുത്തിയിരിക്കുന്നത് (2 തിമൊഥെയൊസ് 3:3). പരസ്പരം രഞ്ജിപ്പോടെ ജീവിക്കാൻ വിസമ്മതിക്കുന്ന വിശ്വാസികൾ മറ്റുവിധത്തിൽ ശിക്ഷാവിധിക്കു യോഗ്യരല്ലെങ്കിൽക്കൂടിയും ശിക്ഷിക്കപ്പെടുമെന്നാണ് മേലുദ്ധരിച്ചതിന്റെ അർത്ഥം. യേശുവിന്റെ വാക്കുകൾ സത്യമാണ്. അവയ്ക്ക് അനുസൃതമായി യേശു പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ വികാരങ്ങളെ ക്ഷതപ്പെടുത്തുകയും നമ്മോട് അനീതി പ്രവർത്തിക്കുകയും ചെയ്തവരോട് ക്ഷമിക്കുക തീർച്ചയായും വിഷമം നിറഞ്ഞ കാര്യം തന്നെയാണെന്ന് യേശുവിനറിയാം. നമ്മുടെ പ്രശസ്തിക്കു ഹാനിയുളവാക്കുന്നതോ നമ്മുടെ കുടുംബത്തിനു വേദനയുണ്ടാക്കുന്നതോ ആയ വിധത്തിൽ സംസാരിക്കുന്നവരോട് ക്ഷമിക്കുന്നതും

പ്രയാസമാണെന്ന് കർത്താവിനറിയാം. എങ്കിലും നാം ക്ഷമിച്ചേ മതിയാവൂ.

നമ്മുടെ ഹൃദയത്തിൽ രൂഢമൂലമായിക്കിടക്കുന്ന കയ്പ് നിറഞ്ഞ ചിന്തകൾ പിഴുതുകളയുവാൻ നാം അശക്തരാണെന്ന കാര്യം യേശുവിനു മനസിലാകുമല്ലോ എന്നു നാം സങ്കല്പിക്കുന്നു. നമ്മെ വേദനിപ്പിച്ചവർക്കു നേരെ നാം കുറ്റാരോപണങ്ങൾ നിരത്തുന്നതും യേശുവിനു മനസിലാകുമല്ലോ എന്നോർത്ത് നാം സമാധാനിക്കുന്നു. തീർച്ചയായും, യേശുവിനെപ്പോലെ നമ്മെ ശരിയായി അറിയുകയും മനസിലാക്കുകയും ചെയ്യുന്നവർ മാറ്റാരുമില്ല. നമ്മുടെ പാപങ്ങളും ബന്ധനങ്ങളും അവൻ നന്നായി അറിയുന്നുമുണ്ട്. അവൻ കരുണാസമ്പന്നനാണെങ്കിലും കയ്പായ ചിന്തകളും അനൈക്യവും പുലർത്തുന്നവരുടെ മേൽ കർശനമായ ശിക്ഷാവിധിയാണ് യേശു പ്രഖ്യാപിച്ചിരിക്കുന്നത്.

യേശുകർത്താവ് നമ്മോട് മഹാകരുണ കാട്ടിയതിനാൽ നാം മറ്റുള്ളവരോടും കരുണ കാട്ടണമെന്ന് യേശു ആഗ്രഹിക്കുന്നു. നമ്മുടെ മനസലിവില്ലായ്മക്കു നേരെ യേശുവിന്റെ ഉഗ്രകോപം ജ്വലിക്കുന്നു. അതിൽ നിന്നു തെറ്റിയൊഴിയുവാൻ നമുക്കു സാധ്യമല്ല. കരുണയില്ലാത്ത ദാസന്റെ ഉപമയിൽ കർത്താവ് ഇക്കാര്യം വ്യക്തമാക്കുന്നു. ആയിരം തവണ കർത്താവ് നമ്മോട് ക്ഷമിച്ചിട്ടും പത്തു തവണപോലും സഹോദരനോട് ക്ഷമിക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ കർത്താവിന്റെ മുമ്പാകെ നമ്മുടെ പാപം ഗുരുതരമാണ്. ദൈവകോപം നമ്മെ ശിക്ഷയ്ക്കു വിധിച്ച് യാതനാസ്ഥലത്തേക്ക് തള്ളിക്കളയുക തന്നെ ചെയ്യും (മത്തായി 18:34).

നാം ക്ഷമിക്കാൻ കൂട്ടാക്കാത്തവരുടെ കരച്ചിൽ ദൈവഹൃദയത്തിലേക്ക് എത്തുന്നു. മിന്നൽപിണർ പോലെ ദൈവം ഉത്തരമരുളുന്നു. കയ്പും രഞ്ജിപ്പില്ലായ്മയും ദൈവകോപത്തെ ജ്വലിപ്പിക്കുന്നു. നീരസവും സൗഹൃദമില്ലായ്മയും നമ്മുടെ യാചനകളുടെ നേരെയുള്ള ദൈവഹൃദയത്തെ അടച്ചുകളയുന്നു. ദൈവത്തോടുള്ള നമ്മുടെ സമീപനത്തിലും അതു തടസം സൃഷ്ടിക്കുന്നു. അതുകൊണ്ട് സഹോദരങ്ങൾക്കു നേരെയുള്ള എല്ലാ കുറ്റാരോപണങ്ങളും കുഴിച്ചുമൂടിയശേഷം രഞ്ജിപ്പോടെ ജീവിക്കാൻ നമുക്കു തീരുമാനിക്കാം. അല്ലാത്തപക്ഷം നാം ശിക്ഷാവിധിയിൽ അകപ്പെടും. രഞ്ജിപ്പില്ലാത്തവരോടൊപ്പം നാമും അന്ധകാരരാജ്യത്ത് പാർക്കേണ്ടതായിവരും. കൈയ്പു നിറഞ്ഞതും അന്യരിൽ കുറ്റമാരോപിക്കുന്നതുമായ നമ്മുടെ വിചാരങ്ങളും പ്രതികരണങ്ങളും ഒഴിവാക്കണമെങ്കിൽ ദൈവത്തിന്റെ വെളിച്ചം നമ്മുടെമേൽ പ്രകാശിക്കണം. സ്വയം വിമർശിക്കേണ്ട കാര്യങ്ങൾക്കാണ് നാം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതെന്ന് അപ്പോൾ നമുക്കു മനസിലാകും. വേദനയുടെ അസ്വസ്ഥത എല്ലാവർക്കും തുല്യമാണെന്ന് നാം തിരിച്ചറിയും. അങ്ങനെ നാം അന്യരെ കുറ്റപ്പെടുത്തുന്ന സ്വഭാവം ഉപേക്ഷിക്കും. മറ്റുള്ളവരോട് നീരസം പുലർത്തുന്നത് അവസാനിപ്പിക്കും. അനുതാപം മൂലം മറ്റുള്ളവരെ കുറ്റം വിധിക്കുന്ന പ്രകൃതി തന്നെ ഇല്ലാതാകും. കയ്പും രഞ്ജിപ്പില്ലായ്മയും നമ്മിൽ നിന്ന് അപ്രത്യക്ഷമാകും.

നമുക്ക് നീരസമുള്ള വ്യക്തിയോട് നിരപ്പാകാൻ സമയം നീട്ടി വെക്കരുത്. ചിലപ്പോൾ അത് സാധ്യമാകാതവണ്ണം വൈകിപ്പോയേക്കാം. അനുരഞ്ജനത്തിനുള്ള അവസരങ്ങൾ മന:പ്പൂർവം പാഴാക്കിക്കളഞ്ഞാൽ സാത്താൻ നമ്മെ അവന്റെ രാജ്യത്തേക്ക് നയിച്ചേക്കാം. മറ്റുള്ളവർ നമ്മെ സ്വീകരിക്കുമോ അവഗണിക്കുമോ എന്നത് അവരുടെ കാര്യം. നമുക്ക് വിനയം നിറഞ്ഞ ഹൃദയവും പ്രതിയോഗിയോട് ആത്മാർത്ഥമായ സ്നേഹവും ഉണ്ടായിരിക്കണമെന്നതാണ് പ്രധാനം. മറ്റുള്ളവരുടെ മനോഭാവത്തിൽ പരിവർത്തനം ഉളവാക്കുവാനും രഞ്ജിപ്പിന്റെ ബന്ധം സ്ഥാപിക്കുന്നതിനും സ്നേഹത്തിന് വലുതായ ശക്തിയുണ്ട്.

നീരസം നിറഞ്ഞ ചിന്തകൾ, കുറ്റാരോപണം നടത്തുന്ന സ്വഭാവം ഇവ നമ്മിൽ ഉള്ളിടത്തോളം കാലം നാം സാത്താനുമായി ചങ്ങാത്തത്തിലാണ്. അനൈക്യം ഒഴിവാക്കി വിശ്വാസത്തിന്റേതായ ഉഗ്രപോരാട്ടം നാം ആരംഭിക്കണം. നമ്മുടെ ഉള്ളിലെ സാത്താന്റെ പ്രവർത്തനങ്ങളെ നശിപ്പിക്കുവാനാണ് യേശു വന്നത്. അതുകൊണ്ട് കയ്പായ ചിന്തകൾ, കുറ്റാരോപണ സ്വഭാവം, അനൈക്യത്തിന്റെ മനോഭാവം, കലഹത്തിന്റെ പ്രകൃതം ഇവയെല്ലാം നമ്മിൽ നിന്നു പുറത്താക്കാം. ദൈവത്തിന്റെ കാരുണ്യം നിറഞ്ഞ സ്നേഹത്തെ നമ്മുടെ ഹൃദയത്തിലേക്ക് ധാരാളമായി പകർന്നു തരുവാനാണ് പരിശുദ്ധാത്മാവിനെ ദൈവം നമ്മിലേക്ക് അയച്ചിരിക്കുന്നത്. ആ പരിശുദ്ധാത്മാവിനെ നമ്മുടെ സഹായത്തിനായി പ്രയോജനപ്പെടുത്തണം. യേശുവിന്റെ വിജയകരമായ നാമം വിളിച്ചപേക്ഷിക്കുന്നതിൽ നമുക്ക് മടുപ്പ് കാട്ടാതിരിക്കാം. ●



ഡേവിഡ് വിൽക്കേഴ്സൺ

# ലോകം മുഴുവൻ ദുഷ്ടതയിൽ...

**ആ**ധുനിക ലോകത്തു ജീവിക്കുന്ന യുവാക്കളുടെ അധാർമികതയെയും ദുഷ്ടതയെയും കുറിച്ച് ദൈവത്തിന് എന്താണ് പറയാനുള്ളത്? നൂറ്റാണ്ടുകൾക്കുമുമ്പ് നിനെവെയോട് പറയേണ്ടി വന്ന അതേ കാര്യം, അവരുടെ അടുക്കൽ ചെന്ന് അവരുടെ പാപങ്ങൾക്കെതിരെ നിലവിളിക്കുക! എന്റെ ഉഗ്രകോപം അവരുടെമേൽ പതിക്കാൻ പോകുന്നുവെന്ന് അവർക്ക് മുന്നറിയിപ്പു നൽകുക! ഒരു വലിയ നാശം ഉടൻ സംഭവിക്കാൻ പോകുന്നു, വ്യാപകമായ മാനസാന്തരം ഇല്ലെങ്കിൽ...!

നിനവെ ഒരു വലിയ നഗരമായിരുന്നു; അതിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നടക്കാൻ യോന മൂന്നു ദിവസമെടുത്തു. ഏതാണ്ട് 120,000 പാപികളായ മനുഷ്യർ അവിടെ താമസിച്ചിരുന്നു. അവർ വളരെ ദുഷ്ടരും അക്രമാസക്തരും പാപവും ദുഷിച്ച ശീലങ്ങളും കൊണ്ട് ജീർണ്ണിച്ചവരുമായിരുന്നു. ദൈവത്തിന് അത് അസഹനീയമായിരുന്നു. ദൈവം ഒരു പ്രസംഗകനെ അയച്ചു, യോനാ. അദ്ദേഹം ഒരു ഓഡിറ്റോറിയം വാടകയ്ക്കെടുത്തില്ല, അദ്ദേഹത്തിന് സംഗീതജ്ഞരില്ല, ഒരു പക്ഷെ വാക്ചാതുര്യവും ഉണ്ടായിരുന്നില്ല, എന്തിനേറെ, ഉച്ചഭാഷിണി പോലുമില്ല. ആ തെരുവുപ്രസംഗകൻ നഗരത്തിലൂടെ നേരെ നടക്കുന്നു, ആരോടും സംസാരിക്കാൻ നിൽക്കാതെ, നേതൃത്വത്തെ അവഗണിച്ച്... കരഞ്ഞും ഉച്ചത്തിൽ നിലവിളിച്ചും.... നേരെ നടക്കുന്നു

അവൻ ദൈവസ്നേഹത്തെക്കുറിച്ചല്ല പ്രസംഗിച്ചത്. അവരുടെ ജീവിതത്തിനായി ദൈവത്തിന് മനോഹരമായ ഒരു പദ്ധതിയുണ്ടെന്ന് അവൻ അവരോട് പറഞ്ഞില്ല. എല്ലാം അവസാനിച്ചുവെന്ന് അവൻ അവരോട് പറഞ്ഞു! 'നിങ്ങൾക്ക് ഇനി 40 ദിവസമേ ഉള്ളൂ. ദൈവം നിങ്ങളുടെ ദുഷ്ടത കണ്ടു, അവൻ ന്യായവിധി അയയ്ക്കാൻ പോകുന്നു! 'യോന ന്യായവിധി പ്രസംഗിക്കുകയായിരുന്നു. ജനങ്ങൾക്ക് താക്കീത് നൽകാനും പിന്നീട് അവരുടെ ഭയാനകമായ ദുഷ്ടത നിമിത്തം ന്യായം വിധിക്കാനുമാണ് ദൈവം പൂർണ്ണമായി ഉദ്ദേശിച്ചത്. അവർ മാനസാന്തരപ്പെട്ടപ്പോൾ ദൈവം തന്റെ മനസ്സ് മാറ്റി അവരെ ന്യായവിധിയിൽ നിന്ന് വിടുവിച്ചു. യോനായ്ക്ക് മാത്രമേ യഥാർത്ഥ സന്ദേശം ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവർ സമാധാനവും സുരക്ഷിതത്വവും പ്രസംഗിക്കുമ്പോൾ, ഈ പ്രവാചകൻ ന്യായവിധി വിളിച്ചു പറഞ്ഞു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ദരിദ്രരെ സഹായിക്കുന്നതിനാൽ രാജ്യങ്ങളെ ന്യായവിധിയിൽനിന്നു ദൈവം ഒഴിവാക്കുമെന്ന് ചിലർ പറയുന്നു. അതൊരു പ്രഹസനമാണ്! നമ്മുടേത് ഇപ്പോൾ അക്രമാസക്തമായ ഒരു ജനതതിയാണ്. ബാലപീഡനം, കുട്ടികളെ മർദിക്കൽ, ഗർഭച്ഛിദ്രം എന്നിവയുടെ ഭയാനകമായ കഥകളാൽ ഏതാണ്ട് തളർന്നുപോയ ഒരു ജനപദം. ഒരു തെരുവും നടക്കാൻ സുരക്ഷിതമല്ല, ഒരു വീടും കൊള്ളക്കാരിൽ നിന്ന് സുരക്ഷിതമല്ല. നമ്മുടെ ചെറുപ്പക്കാർ അക്രമത്തെ ജീവിതമാർഗ്ഗമാക്കുകയാണ്. കൗമാരക്കാർ സ്കൂളിലേക്ക് കൊണ്ടുപോകുന്ന തോക്കുകളും കത്തികളും കണ്ടെത്താൻ വലിയ സ്കൂളുകൾ മെറ്റൽ ഡിറ്റക്ടറുകൾ സ്ഥാപിക്കേണ്ടി വന്നേക്കാം. കുട്ടികൾ അധ്യാപകരെ തല്ലുന്നു. ദശലക്ഷക്കണക്കിന് യുവാക്കൾ സ്നേഹമില്ലാത്ത മാതാപിതാക്കളെ കൊണ്ട് മടുത്തു.

**ബൈബിളുകൾ, സാഹിത്യങ്ങൾ, മാസികകൾ, പുസ്തകങ്ങൾ എന്നിവയാൽ ന്യായവിധിയുടെ സന്ദേശങ്ങൾ മുഴക്കുന്നു. ഇനി ആരൊക്കെ കേൾക്കും?**

എന്തിനാണ് ഈ ദുഷ്ടയുഗത്തിൽ ന്യായവിധി പ്രസംഗിച്ചത് എന്നതിന് ദൈവത്തിന് വ്യക്തമായ ഉത്തരം ഉണ്ട്! ഇതാണുത്തരം! എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പിതാക്കന്മാർ സത്യദൈവത്തെ ഉപേക്ഷിച്ചു അന്യദൈവങ്ങളുടെ പിന്നാലെ നടന്നു... അവയെ ആരാധിച്ചു... (യിരെമ്യാവ് 16:11). ചിന്തിക്കുക! ഈ യുവതലമുറയോട് ദൈവം പറയുന്നു: നിങ്ങളുടെ പിതാക്കന്മാർ മോശക്കാരായിരുന്നു! അവർ എന്നെ ഉപേക്ഷിച്ചു! ഒരിക്കൽ അവർ എന്നെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു. എന്നാൽ അവർ വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞു! അവർ ദൈവമില്ലാത്തവരും പാപികളുമായി പരിണമിച്ചു.

എന്നാൽ യുവാക്കളേ, നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ദുഷ്ടരായ മാതാപിതാക്കളെപ്പോലെ പാപം ചെയ്യുന്നു! നിങ്ങൾ ഒരു സുഖലോലുപജീവിതം നയിക്കുന്നു.! ഹൃദയം ആഗ്രഹിക്കുന്ന എന്തിലും നിങ്ങൾ മുഴുകുന്നു! നിങ്ങൾ ദൈവാലോചന കേൾക്കുക പോലുമില്ല. നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കുകയും നിങ്ങളുടെ ചെവികൾ ദൈവാലോചന കേൾക്കാതിരിക്കേണ്ടതിനു അടയ്ക്കുകയും ചെയ്തു! നിങ്ങൾ അങ്ങനെയാകുകയാണ്. അതിനാൽ തന്നെ പെട്ടെന്ന് ഞാൻ വിധിക്കും!‘

നമ്മുടെ മക്കളെല്ലാം ദുഷ്ടന്മാരാണോ? തീർച്ചയായും അല്ല! ഈ ലോകത്തിലെ പാപസുഖങ്ങളുടെ മുന്നിൽ മുട്ടുമടക്കാത്ത സമർപ്പിതരായ കുറച്ച് ആളുകൾക്കു വേണ്ടി ദൈവത്തിന് നന്ദി. ഇരുണ്ട ദിനത്തിൽ അവർ ജ്യോതിസ്സുകളെപ്പോലെ തിളങ്ങുന്നു. എന്നാൽ ഭൂരിപക്ഷം യുവാക്കളും ദിവസം ചെല്ലുന്തോറും കൂടുതൽ ദുഷ്ടരായി മാറുകയാണ്. യോനായുടെ അധരങ്ങളിലൂടെ ദൈവം ന്യായവിധിയെക്കുറിച്ചു അറിയിക്കുകയായിരുന്നു, നിനെവേക്കാർക്കു മാത്രമല്ല ഇന്ന് നമുക്കും ശക്തമായ താക്കീതായി ഈ മുന്നറിയിപ്പ് നിലനിൽക്കുന്നു. നിനവേ ഒരു പ്രസംഗത്തിൽ പശ്ചാത്തപിച്ചു! രാജാവിന് സന്ദേശം ലഭിച്ചു. ആരോ അവനോട് പറഞ്ഞു, നമുക്ക് 40 ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ എന്ന് പറഞ്ഞ് ഒരാൾ നമ്മുടെ തെരുവിലൂടെ നടക്കുന്നു! അനുതപിച്ചില്ലെങ്കിൽ നാം എല്ലാവരും ന്യായവിധിയിൽ അകപ്പെടുവാൻ പോകുന്നു! ഇത് കേട്ടപ്പോൾ രാജാവ് പരിഹസിച്ചുചിരിച്ചില്ല! ആരും ചിരിച്ചില്ല! അവരുടെ ഹൃദയത്തിൽ അത് സത്യമാണെന്ന് അവർക്കറിയാമായിരുന്നു. എല്ലാ പുരുഷന്മാരും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളും ഭയത്തോടെ ദൈവസന്നിധിയിൽ തങ്ങളെത്തന്നെ താഴ്ത്തി. തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു മാനസാന്തരപ്പെട്ട് ദൈവത്തോട് നിലവിളിച്ചു.

ഇന്ന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ചില കേബിൾ ടിവി യിലൂടെ മനുഷ്യന്റെ രക്ഷയ്ക്കായുള്ള സുവിശേഷം വിളിച്ചുപറയുന്നു. എത്രയെത്ര സുവിശേഷകർ, പ്രവാചകന്മാർ, പാസ്റ്റർമാർ, അധ്യാപകർ, തെരുവോര പ്രസംഗകർ, പാപികൾ മാനസാന്തരപ്പെടാൻ അപേക്ഷിക്കുന്നു. ഉടൻ വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. നമുക്ക് ലക്ഷക്കണക്കിന് പ്രബോധകരുണ്ട്, ദശലക്ഷക്കണക്കിന് പ്രഭാഷണങ്ങൾ കേൾക്കുന്നു; ബൈബിളുകൾ, സാഹിത്യങ്ങൾ, മാസികകൾ, പുസ്തകങ്ങൾ എന്നിവയാൽ ന്യായവിധിയുടെ സന്ദേശങ്ങൾ മുഴക്കുന്നു. ഇനി ആരൊക്കെ കേൾക്കും? ഒരിക്കൽ ദൈവം നിനവേയെ മാനസാന്തരത്തിനായി വിളിച്ചു! എന്നാൽ അവിടുന്ന് ഇന്ന് മുഴുലോകത്തെയും മാനസാന്തരത്തിനായി വിളിച്ചുകൊണ്ടേയിരിക്കുന്നു. എത്രനാൾ ഈ വിളി തുടരും?

ഇങ്ങനെ ന്യായവിധി പ്രസംഗിക്കുന്നവരെ ‘ലോകാവസാന പ്രസംഗകർ’ എന്ന് വിളിച്ചു പരിഹസിക്കുന്നു. കൃപയും സ്നേഹവും കാരുണ്യവും മനസ്സിലാക്കാതെ, ന്യായവിധി പ്രസംഗിക്കുന്നതിന്റെ പേരിൽ പ്രസംഗകർ ആക്ഷേപിക്കപ്പെടുന്നു. ആളുകളെ ഭയപ്പെടുത്തുന്നവരെന്ന് പറഞ്ഞു അവരെ നിസ്സാരവൽക്കരിക്കുന്നു. നിനെവേയിലെ മനുഷ്യർ നിങ്ങളെ കുറ്റം വിധിക്കാൻ എഴുന്നേൽക്കും! യേശു പറഞ്ഞു: ‘നീനെവേയിലെ മനുഷ്യർ ഈ തലമുറയോടൊപ്പം ന്യായവിധിയിൽ എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും; അവർ യോനയുടെ പ്രസംഗത്തിൽ മാനസാന്തരപ്പെട്ടു; ‘ഇതാ, യോനയെക്കാൾ വലിയവൻ ഇവിടെയുണ്ട്’ (മത്തായി 12:41) എന്ന്. യേശുകർത്താവ്തന്നെ ശക്തമായ താക്കീതും മുന്നറിയിപ്പും നമുക്ക് നൽകുന്നത് അവഗണിച്ചാൽ നരകവിധി നാം എങ്ങനെ തെറ്റി ഒഴിയും? •

# എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ...

**എന്ന ഗാനരചനയുടെ പശ്ചാത്തലം**

**ക**നത്ത മൂടൽമഞ്ഞും ശൈത്യവും ഉള്ള പ്രഭാതത്തിൽ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി ക്രമീകരിച്ച യോഗത്തിൽ വചനം ശുശ്രൂഷിക്കുവാൻ വേണ്ടി പോവുകയായിരുന്നു സഹോദരൻ തോമസ് മാത്യു. വയനാട്ടിൽ കാനറാ ബാങ്കിന്റെ ശാഖയിൽ ജോലി ചെയ്തുവരികെയാണ് കുട്ടികളുടെ ഇടയിൽ ശുശ്രൂഷിക്കുവാനുള്ള ക്ഷണം ലഭിച്ചത്. താൻ താമസിക്കുന്ന ലോഡ്ജിൽ നിന്നും 6 മൈൽ ദൂരെയാണ് പ്രോഗ്രാം നടക്കുന്നത്. ഗതാഗതസൗകര്യങ്ങൾ തീരെ കുറവായിരുന്ന വിജനമായ പാതയിലൂടെ ദീർഘദൂരം നടന്നുവേണം യോഗസ്ഥലത്ത് എത്തുവാൻ. കൃത്യം ഒമ്പതരയ്ക്ക് എത്തിച്ചേരണം എന്ന ആഗ്രഹത്തോടെ രാവിലെ ആറിന് തന്നെ യാത്ര തിരിച്ചു.

കുന്നുകളും മലകളും കയറി ശീലിച്ചിട്ടില്ലാത്ത, നിരപ്പായ തീരപ്രദേശത്തു വസിച്ചിരുന്ന അദ്ദേഹം പരുക്കൻ പാതയിലൂടെ നടന്നു. കനത്ത മൂടൽമഞ്ഞും ശരീരത്തിലേക്ക് വീശി അടിക്കുന്ന അസ്ഥി മരവിപ്പിക്കുന്ന തണുത്ത കാറ്റും അദ്ദേഹത്തിന് അസഹനീയമായിരുന്നു. പകുതി ദൂരം നടന്നപ്പോൾത്തന്നെ അദ്ദേഹം തളർന്നു. മുമ്പോട്ടു ഒരു ചുവടു പോലും വയ്ക്കുവാൻ ശക്തി ഇല്ലാതായി. സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി കരുതിയിരുന്ന ലഘുലേഖകളും സുവിശേഷ പ്രതികളും നിറച്ച നല്ല ഭാരമുള്ള പെട്ടിയും തൂക്കി, നടുക്കടലിൽ പെട്ടുപോയ ഒരുവനിൽ നിന്ന് ശക്തി ചോർന്നു പോകുന്നതുപോലെ... അപരിചിതമായ ആ വഴിയോരത്ത് അദ്ദേഹം തളർന്നിരുന്നു.


ഉദ്ദിഷ്ടസ്ഥാനത്ത് തക്കസമയത്ത് എത്തിച്ചേരുവാൻ കഴിയുകയില്ല എന്ന ചിന്ത അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ വിഷമിപ്പിച്ചു. ആ നിമിഷം തന്റെ ഹൃദയാന്തർഭാഗത്തു നിന്നും കണ്ണീരിൽ കുതിർന്ന പ്രാർത്ഥന ഉയർന്നു. ആസാഫിന്റെ ദൈവമേ, അങ്ങ് അടിയന്റെ വലങ്കരത്തിൽ പിടിച്ച് കൃത്യസമയത്ത് എന്നെ യോഗസ്ഥലത്ത് എത്തിക്കേണമേ. അടിയനിതാ ക്ഷീണിച്ചു തളർന്നിരിക്കുന്നു. യേശുവിന്റെ നിസ്തുല നാമത്തിൽ പ്രാർത്ഥന കേൾക്കണമേ...

പ്രാർത്ഥന കഴിഞ്ഞ് നിറകണ്ണുകൾ തുടച്ച് പ്രതീക്ഷയോടെ മുന്നേറുവാനുള്ള വഴിയിലേക്ക് അദ്ദേഹം നോക്കി. തന്റെ കണ്ണുകൾക്ക് വിശ്വസിക്കാനാകാത്ത ഒരു ദൃശ്യം! കനത്ത മൂടൽമഞ്ഞിന്റെ അവ്യക്തതയുടെ ഉള്ളിൽ നിന്നും ആണിപ്പാടുള്ള വലങ്കരം തന്റെ നേർക്ക് നീണ്ടു വരുന്നു. അതോടൊപ്പം ആർദ്രത നിറഞ്ഞ ഒരു സ്വരവും! മകനെ, ധൈര്യമായി മുന്നോട്ടുപോവുക... ഈ മലമേടുകൾ താണ്ടി ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെയും നിന്നെ നടത്തുവാൻ ഞാൻ നിന്നോട് കൂടെയുണ്ട്. തന്റെ ഹൃദയത്തിലെ ആഗ്രഹത്തെ ദൈവം മനസ്സിലാക്കിയ ആ നിമിഷങ്ങൾ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തി. മുമ്പോട്ടു ഒരു ചുവട് വയ്ക്കുവാൻ പോലും കരുത്തില്ലാതെ തളർന്നുപോയ, തന്റെ വലങ്കരത്തിന് പിടിച്ച ദൈവത്തിന്റെ സാന്നിധ്യം മനസ്സിലാക്കിയ ആ ദൈവദാസൻ ചാടി എഴുന്നേറ്റു. ഉന്മേഷം പ്രാപിച്ച താൻ വേഗത്തിൽ ചുവടുകൾ വയ്ക്കുവാൻ തുടങ്ങി. പുതുബലവും പുതുശക്തിയും കൈവന്ന തന്നിൽ നിന്നും സ്തുതി സ്തോത്രങ്ങൾ ആ യാത്രയിൽ ഉയർന്നുകൊണ്ടിരുന്നു. അല്പം കഴിഞ്ഞപ്പോൾ തന്റെ നാവിൽ നിന്നും

**എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ നടത്തിടുന്നു ദിനംതോറും ....**എന്ന ഗാനത്തിന്റെ വരികൾ രൂപം കൊണ്ടു. ഇതായിരുന്നു തന്റെ പ്രഥമഗാനം.

കൃത്യസമയത്ത് തന്നെ, താൻ യോഗസ്ഥലത്ത് എത്തി. ആ യാത്രയിൽ തനിക്കുണ്ടായ സ്വർഗ്ഗീയ അനുഭവങ്ങൾ അവിടെ കൂടിവന്നവരോട് പങ്കുവെച്ചത് എല്ലാവർക്കും നവചൈതന്യമാണ് പകർന്നത്. 1977 ഏപ്രിൽ മാസത്തിൽ എഴുതിയ ഈ ഗാനം മാരാമൺ കൺവെൻഷനിലൂടെ അതിവേഗത്തിൽ പ്രചരിച്ചു. ഇന്നും അനേകർക്കാശ്വാസമായിക്കൊണ്ടിരിക്കുന്നു. •





അനു ഗ്രേസ് ചാക്കോ

# പിടിമുറുക്കുന്ന അന്ധവിശ്വാസങ്ങൾ

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളരെയധികം പ്രബലപ്പെട്ടിരുന്ന കേരളത്തിൽ ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി വലിയൊരു നവോത്ഥാനമാണ് ഉണ്ടായത്. എന്നാൽ കുറെ കാലങ്ങളായി നാം കേൾക്കുന്ന പല വാർത്തകളും കാണുന്ന സംഭവങ്ങളും മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നവയാണ്. നമ്മുടെ നാടിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ പരിതാപകരം തന്നെ. ഇലന്തൂരിലെ നരബലിയും നന്ദൻകോട് കൊലപാതകവും ചില ആഴ്ചകൾക്കു മുമ്പ് അരുണാചൽപ്രദേശിൽ വച്ച് നടന്ന മൂന്ന് മലയാളി യൗവനക്കാരുടെ മരണവും പോലെയുള്ള അനേക സംഭവങ്ങൾ സൂചിപ്പിക്കുന്നത് ഇന്നത്തെ അനേക ചെറുപ്പക്കാരിൽ അന്ധവിശ്വാസവും സാത്താന്യ ആരാധനകളും പിടിമുറുക്കുന്നു എന്നുള്ള യാഥാർത്ഥ്യമാണ്.

ഒരുകാലത്ത് അക്രൈസ്തവ കുടുംബങ്ങളിൽ കണ്ടുവന്നിരുന്ന ആഭിചാരവും ദുർമന്ത്രവാദവും പോലുള്ള പല സാത്താന്യ പ്രവർത്തികളും ഇന്നത്തെ പല ക്രൈസ്തവ കുടുംബങ്ങളെയും വളരെ സ്വാധീനിച്ച് കഴിഞ്ഞു, വിശേഷിച്ച് ചെറുപ്പക്കാരായ സഹോദരീസഹോദരന്മാരെ!. ഉന്നതവിദ്യാഭ്യാസവും സമൂഹത്തിൽ നല്ല പദവികൾ ഉള്ളവരും അറിഞ്ഞോ അറിയാതെയോ ഇത്തരം അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി വീടുവിട്ട് നഗരങ്ങളിലേക്ക് ചേക്കേറുന്ന പല കുട്ടികളെയും തന്ത്രപരമായി സാത്താന്യ ആരാധനയിലേക്കും ആസ്ട്രൽ പ്രൊജക്ഷനിലേക്കും (ശരീരത്തിൽ നിന്നും ആത്മാവിനെ വേർപ്പെടുത്താമെന്നും ആത്മാക്കളോട് സംസാരിക്കാം എന്നുമുള്ള പഠിപ്പിക്കൽ) വഴിതെറ്റിക്കുന്ന നിരവധി സംഘങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. കൊച്ചി പോലുള്ള വലിയ സിറ്റികളിൽ ഇങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങൾ നടക്കുന്നു. ഇത്തരം കെണികളിൽ അറിഞ്ഞോ അറിയാതെയോ കുടുങ്ങിപ്പോകുന്ന യൗവനക്കാരും കുട്ടികളും പിന്നെ മടങ്ങി വരിക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ബാല്യത്തിൽ തന്നെ കൃത്യമായ ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ കുട്ടികളിൽ പാകി അതിനെ ഉറപ്പിച്ച് കൊടുക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇങ്ങനെയുള്ള പ്രലോഭനങ്ങളിൽ നിന്ന് അവർക്ക് സ്വയം രക്ഷിക്കുവാൻ കഴിയുകയുള്ളൂ. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കണം. വൃദ്ധനായാലും അത് അവനെ തിന്മകളിൽ നിന്ന് സൂക്ഷിക്കും എന്നാണല്ലോ വചനത്തിൽ ഉള്ളത്.

കൗമാര കാലഘട്ടം കൗതുകത്തിന്റെ കാലഘട്ടം കൂടിയാണല്ലോ. പുതിയ അറിവുകൾ സമ്പാദിക്കുവാനും വ്യത്യസ്തമായ കാര്യങ്ങൾ പരീക്ഷിക്കുവാനും വ്യഗ്രതപ്പെടുന്ന കാലഘട്ടമാണ് കൗമാരവും യൗവനവും! പ്രത്യേകിച്ച് മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ മരണാനന്തര ജീവിതത്തെ കുറിച്ച് നിശ്ചയവും ഉറപ്പും ഇല്ലാത്ത അനേക യൗവനക്കാർ ആസ്ട്രൽ പ്രൊജക്ഷനും ഓജോബോർഡ് പോലുള്ള കാര്യങ്ങളിലിടപെട്ട്, മരണാനന്തരം ശരീരത്തിൽ നിന്ന് വേർപെട്ടുപോയ ആത്മാക്കളുമായി സംവദിക്കുവാനുള്ള പൈശാചികമാർഗ്ഗങ്ങൾ തേടിപ്പോകുന്നതായി കാണപ്പെടുന്നു.

പല ക്രൈസ്തവ വിഭാഗങ്ങളും സൺഡേ സ്കൂളുകളിലും, മറ്റ് മതബോധന പരിപാടികളിലൂടെയും മരണാനന്തര ജീവിതത്തെ കുറിച്ച് അവരവരുടെ മതത്തിന്റെ കാഴ്ചപ്പാടുകൾ കുട്ടികളിലേക്ക് പകർന്നു കൊടുക്കാറുണ്ട്. എന്നാൽ പെന്തക്കോസ്ത് സഭകളിൽ പ്രത്യേകിച്ച് ഈ കാലയളവിൽ നമ്മുടെ നല്ലൊരു ശതമാനം കുട്ടികൾക്ക് ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് വലിയ അറിവോ നിശ്ചയമോ ഇല്ല എന്നതാണ് ദു:ഖകരമായ വസ്തുത! ഓജോബോർഡും ആസ്ട്രൽ പ്രൊജക്ഷനും ഒക്കെ പരീക്ഷിക്കുന്ന നിരവധി പെന്തക്കോസ്ത് വിശ്വാസികൾ എന്ന് അവകാശപ്പെടുന്ന കുട്ടികളെ പരിചയപ്പെട്ടിട്ടുണ്ട്. ദൈവവചനം ഈ കാര്യങ്ങളെക്കുറിച്ച് എന്താണോ പറയുന്നത് അതുതന്നെ ഈ തലമുറയെ പഠിപ്പിച്ച് അവരെ മരണാന്തര നിത്യതയെക്കുറിച്ചു ബോധവാന്മാരാക്കുവാൻ ദൈവസഭയും സൺഡേ സ്കൂൾ യുവജനപ്രസ്ഥാനങ്ങളും അടിയന്തരമായി ഇടപെട്ട് അതിനുള്ള അക്ഷീണ പരിശ്രമങ്ങൾ നടത്തേണ്ടതാണ്. ഇല്ലായെങ്കിൽ നാം വളരെ ദു:ഖിക്കേണ്ടതായി വന്നേക്കാം.

നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നീ പ്രവേശിക്കുമ്പോൾ അവിടെയുള്ള ജനതകളുടെ മ്ലേച്ഛതകൾ പഠിക്കരുത്. നിങ്ങളുടെ ഇടയിൽ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവരോ ദേവപ്രശ്നം വെക്കുന്നവരോ, ആഭിചാരകരോ, മുഹൂർത്തം നോക്കുന്നവരോ, ക്ഷുദ്രക്കാരോ, മന്ത്രവാദിയോ, വെളിച്ചപ്പാടുകളോ, ഭൂതസേവക്കാരോ, പ്രേതസമ്പർക്കമുള്ളവരോ ഉണ്ടായിരിക്കരുത്. ഈ കാര്യങ്ങൾ പ്രവർത്തിക്കുന്നവരോട് യഹോവയ്ക്ക് അറപ്പാണ് (ആവർത്തനം 18: 9-12).

ബാല്യത്തിൽ കുടുംബത്തിൽ നിന്ന് ഒറ്റപ്പെടലുകൾ നേരിട്ടവരും, അപകർഷതാബോധം ഉള്ളവരും എന്തിനും ഏതിനും യൂട്യൂബും ഗൂഗിളും പോലുള്ള സോഷ്യൽ മീഡിയയെ സംശയനിവാരണത്തിന് ആശ്രയിക്കുന്നവരും ആണ് സാത്താന്റെ ഇത്തരം കുടുക്കുകളിൽ കുടുങ്ങുന്നത്. കുട്ടികളുടെ ശാരീരിക,ബൗദ്ധിക വളർച്ചയിൽ മാത്രം ശ്രദ്ധിക്കാതെ അവരുടെ ആത്മീക വളർച്ചയിലും മാനസിക ആരോഗ്യത്തിലും സഭയും മാതാപിതാക്കളും അതീവശ്രദ്ധ പുലർത്തേണ്ടതനിവാര്യമാണ്.

സാത്താന്യ ആരാധനയിലേക്ക് തിരിഞ്ഞത് നിമിത്തമാണ് നന്തൻകോട് കൊലപാതക കേസിലെ പ്രതിയായ 25 വയസ്സുകാരൻ സ്വന്തം മാതാപിതാക്കളെയും സഹോദരിയെയും മുത്തശ്ശിയേയും ആസ്ട്രൽ പ്രൊജക്ഷനിലൂടെ അതിക്രൂരമായി കൊലപ്പെടുത്തിയത്. ഡോക്ടർ ദമ്പതികളായ മാതാപിതാക്കളുടെ കൊലപാതകത്തിൽ പ്രതിയായ മകനോടു മാതാപിതാക്കൾക്കുണ്ടായിരുന്ന അവഗണന സാത്താന്യ ആരാധനയിലേക്ക് ആ ചെറുപ്പക്കാരൻ തിരിയുവാനുള്ള ഒരു കാരണമായി. പഠനത്തിൽ വളരെ പിറകിലായിരുന്ന മകനോട് ഉള്ളതിനേക്കാൾ കൂടുതൽ താല്പര്യവും പരിഗണനയും മിടുമിടുക്കിയായിരുന്ന മകളോട് ആയിരുന്നു. അതിനാൽ ഈ ചെറുപ്പക്കാരൻ വളരെ മാനസിക സംഘർഷം അനുഭവിക്കുകയും മനോരോഗിയായി മാറുകയും ചെയ്തു. ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട ആ മകൻ പിന്നീട് മന്ത്രവാദത്തിലേക്കും ആസ്ട്രൽ പ്രൊജക്ഷനിലേക്കും തിരിഞ്ഞു. തത്ഫലമായി അതിക്രൂരമായി തന്റെ ഭവനത്തിലെ നാലുപേരെ കൊലപ്പെടുത്തുകയും ചെയ്തു. നാം ശ്രദ്ധ വച്ചാൽ ഇത്തരം ചതിക്കുഴികളിൽ നിന്ന് നമ്മുടെ തലമുറയെ വിടുവിക്കുവാൻ കഴിയും.

സ്നേഹം നിറഞ്ഞ കുടുംബാന്തരീക്ഷം ഓരോ ഭവനങ്ങളിലും ഉണ്ടെന്ന് മാതാപിതാക്കൾ ഉറപ്പു വരുത്തുക. ഏതുകാര്യവും ഏതുസമയത്തും ഏതു പ്രായത്തിലും തുറന്ന് സംസാരിക്കുവാനുള്ള സ്വാതന്ത്ര്യം മക്കൾക്ക് ഭവനത്തിൽ അനുഭവിക്കുവാൻ കഴിയണം. ശക്തമായ ആത്മീയ അടിത്തറ എല്ലാ ഭവനങ്ങളിലും ഉണ്ടാകണം. ദൈവവചനത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ചും അതിലേക്ക് എങ്ങനെ എത്തിച്ചേരാം എന്ന് പഠിപ്പിക്കുന്ന വീണ്ടുംജനന അനുഭവത്തെക്കുറിച്ചും കുട്ടികളെ ചെറുപ്പത്തിൽ തന്നെ ദൈവവചനത്തിലൂടെ പഠിപ്പിച്ച് വചനത്തിൽ നിശ്ചയം ഉള്ളവരാക്കി വളർത്തുക. ഇല്ലെങ്കിൽ നാളെ നമ്മുടെ കുടുംബങ്ങളിലും ഇത്തരം കാര്യങ്ങൾ സംഭവിച്ചേക്കാം. മരണാനന്തര ജീവിതത്തെക്കുറിച്ച് ബോധ്യം ഇല്ലെങ്കിൽ പുതിയ പരീക്ഷണങ്ങൾക്ക് യൗവനക്കാർ തുനിഞ്ഞേക്കാം. നിത്യതയുടെ കാഴ്ചപ്പാടിൽ മരണത്തെക്കുറിച്ചും പുനരുത്ഥാനത്തെ കുറിച്ചും ഉത്തമ ബോധ്യം ഉള്ളവരായി നമ്മുടെ തലമുറകൾ മാറട്ടെ. നമ്മുടെ കുഞ്ഞുങ്ങളും ഇത്തരത്തിലുള്ള കെണികളിലും കുടുക്കുകളിലും അകപ്പെടുവാൻ ഇടയുണ്ട് എന്നത് അതീവ ജാഗ്രതയോടെ സഭയും മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട് ●



ഷാന്റു മാത്യു, കല്ലട

# ഉയരുന്നു ചോദ്യങ്ങൾ...

**താ**ബോർമലയുടെ വളരെ ശാന്തമായ താഴ്‌വാരം. താഴ്‌വരയിലൂടെ ആടുകൾ കൂട്ടമായി നടക്കുന്നു. ആടുകൾക്ക് ഒരു ഭയവുമില്ല, കാരണം ഇവിടം വർഷങ്ങളായി ശാന്തമാണ്. ഒച്ചപ്പാടുകളോ ബഹളങ്ങളോ ഒന്നും തന്നെ ഇവിടെ കേൾക്കാറില്ല. മനുഷ്യർ പോലും അധികമായി ഇവിടെ എത്താറില്ല. ശാന്തസുന്ദരമായ, പ്രകൃതിയുടെ നിശബ്ദതയിൽ യേശുവിന്റെ ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനു വേണ്ടി കാത്തിരിക്കുന്നു. കുറച്ച് സമയങ്ങൾക്കു മുമ്പ് അവരുടെ ഗുരുവും ശിഷ്യന്മാരുടെ പ്രതിനിധികൾ എന്നപോലെ പത്രോസും യോഹന്നാനും യാക്കോബും താബോർ മലയുടെ മുകളിലേക്ക് കയറിപ്പോയി. ഗുരുവിനെ കണ്ടുമുട്ടിയതിനു ശേഷം അവരുടെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ ഓരോന്നായി അയവിറക്കിക്കൊണ്ട് അവർ താഴ്‌വാരത്തിന്റെ മനോഹാരിതയിൽ തങ്ങളുടെ ഗുരുവിനെ കാത്തിരിക്കുകയാണ്. സമയം മുന്നോട്ടു പോകുന്തോറും അവരുടെ മനോഭാവത്തിൽ ചില അസ്വസ്ഥതകളും ആശങ്കകളും പ്രയാസങ്ങളും ഒക്കെ കടന്നുവരുന്നുണ്ട്. മലയുടെ മുകളിൽ, അവിടെ ആ കാണാമറയത്തു എന്താണാവോ സംഭവിക്കുന്നത് എന്ന ആകാംക്ഷയും ഒട്ടൊന്നുമല്ല അവരെ അസ്വസ്ഥരാക്കുന്നത്.

എന്നാൽ ഇതേസമയം മലമുകളിൽ യേശു പ്രാർത്ഥനാനിരതനായി തന്റെ പിതാവിനോടുള്ള സംസർഗ്ഗത്തിൽ സമയം ചിലവഴിക്കുകയാണ്. സ്വർലോകത്തിൽ തന്റെ പിതാവിനോടൊപ്പം സകല മഹിമകളോടും താൻ വാണിരുന്ന കാലം, എന്നാൽ ദൈവഹിതത്തിനു വേണ്ടി എല്ലാം ത്യജിച്ച് തന്നെത്താൻ ശൂന്യനാക്കി, മനുഷ്യജന്മമെടുത്ത് മന്നിൽ വന്നിട്ട് മുപ്പതിൽ അധികം വർഷങ്ങൾ, ഇത്രയും നാളുകൾ യേശുവിനെ വ്യത്യസ്തനാക്കിയത്, പിതാവിനോടുള്ള തന്റെ ആത്മസംസർഗ്ഗമായിരുന്നു. താബോർ മല പതിവിലധികം ആത്മസാന്നിധ്യം കൊണ്ട് നിറയുകയാണ്. എന്നാൽ ഇതൊന്നും ശിഷ്യന്മാർ അറിയുന്നില്ല. സൂര്യകിരണങ്ങൾ താബോർമലയെ മനോഹരമാക്കിയിരുന്നു, സൂര്യപ്രഭയെ കവിയുന്ന വെണ്മയുടെ മനോഹാരിതയിലേക്ക് താബോർമല മാറിക്കൊണ്ടിരിക്കുന്നു. എന്താണ് അവിടെ സംഭവിക്കുന്നതെന്ന് ആർക്കും തന്നെ മനസ്സിലാകുന്നില്ല. പ്രാർത്ഥിച്ചു കൊണ്ടിരുന്ന യേശുവിന്റെ രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ സംഭവിക്കുന്നു. കഴിഞ്ഞ 30-ലധികം വർഷങ്ങൾ സാധാരണ ഒരു മനുഷ്യനായി മാത്രം എല്ലാവരും ദർശിച്ച യേശുവിന്റെ മുഖത്ത് ശോഭിച്ച തേജസ്സ് ശിഷ്യന്മാരെ വല്ലാതെ

ഭയപ്പെടുത്തി. യേശുവിന്റെ മുഖം സൂര്യശോഭയേക്കാൾ അധികം ശോഭിച്ചു, യേശുവിന്റെ വസ്ത്രം വെളിച്ചം പോലെ വെണ്മയായിത്തീർന്നു. താബോർമലയെ അത് സുന്ദരമാക്കിയിരുന്നു. സൂര്യപ്രകാശത്തെക്കാൾ വെണ്മയുള്ളവനായി യേശു രൂപാന്തരപ്പെട്ടു. അങ്ങനെ ശിഷ്യന്മാരുടെ പ്രതീക്ഷകൾക്കപ്പുറത്തു, യേശുവിനോടൊപ്പം മോശെയും ഏലിയാവും സംഭാഷിച്ചുകൊണ്ടു നിൽക്കുന്നു. അത് അവരെ വല്ലാതെ അത്ഭുതപ്പെടുത്തി, ശിഷ്യന്മാർ തേജസിനാൽ നിറയപ്പെട്ട യേശുവിനെ കണ്ടപ്പോൾ അവരുടെ കണ്ണുകൾക്ക് താങ്ങുവാൻ കഴിയുമായിരുന്നില്ല. തങ്ങളുടെ സകല ഭാരങ്ങളും വിഷമതകളും സങ്കടങ്ങളും എല്ലാം അവർ മറന്നു, ഒന്നും അവരെ അസ്വസ്ഥരാക്കിയില്ല. പരിസരം മറന്നു അവർ ആനന്ദപുളകിതരായി. ഒന്നും അവർ ഓർത്തില്ല. ഒന്നുമാത്രമായിത്തീർന്നു അവരുടെ ആശ, ഈ തേജോമയനായ യേശുവിനോടൊപ്പം തുടർന്ന് ഇവിടെത്തന്നെ താമസിക്കണം. പത്രോസ് പെട്ടെന്ന് ഓടി യേശുവിന്റെ അരികിലേക്ക് ചെന്നു, ഇപ്രകാരം പറഞ്ഞു. കർത്താവേ, നാം ഇവിടെ ഇരിക്കുന്നത് നന്ന്; നിനക്ക് സമ്മതമെങ്കിൽ ഞങ്ങൾ ഇവിടെ മൂന്ന് കുടിൽ ഉണ്ടാക്കാം, ഒന്നു നിനക്കും ഒന്നു മോശെയ്ക്കും ഒന്നു ഏലിയാവിനും. ആ വാക്കുകൾ പോലും നാം ശ്രദ്ധിച്ചാൽ നമുക്ക് പറയാൻ കഴിയും, തങ്ങൾ എങ്ങനെ താമസിക്കും എന്നോ തങ്ങളുടെ കാര്യങ്ങൾ എങ്ങനെ നടക്കും എന്നോ പത്രോസ് ചിന്തിച്ചതേയില്ല. അതെ, സഹോദരങ്ങളെ നാം തികഞ്ഞ ദൈവസാന്നിധ്യത്തിലേക്ക് മാറ്റപ്പെടുമ്പോൾ നമ്മുടെ പ്രയാസങ്ങളും, സങ്കടങ്ങളും, വേദനകളും, ആവശ്യങ്ങളും എല്ലാം അപ്രസക്തമാകും, എല്ലാം മറന്നു സന്തോഷിക്കുവാൻ കഴിയും. നാം തികഞ്ഞ ദൈവസാന്നിധ്യം അനുഭവിക്കുമ്പോൾ നമ്മുടെയുള്ളിൽ ഒറ്റ ചിന്ത മാത്രമേ വരികയുള്ളൂ. ഈ സാന്നിധ്യത്തിൽത്തന്നെ എന്റെ ജീവിതകാലം മുഴുവൻ കഴിയണം. അതേ ചിന്തയാണ് പത്രോസിനെയും ഭരിച്ചത്. എന്നാൽ അവിടെ ഒരു ശബ്ദം മുഴങ്ങി കേൾക്കുകയാണ്, 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനു ചെവികൊടുപ്പിൻ'... അതെ, നാം തികഞ്ഞ ദൈവസന്നിധ്യത്തിലേക്ക് മാറ്റപ്പെടുമ്പോൾ, ഇക്കാര്യം മാത്രം നാം മനസ്സിലാക്കുക. ഏത് സാഹചര്യത്തിലും അവസ്ഥയിലും തീരുമാനങ്ങൾ എടുക്കുമ്പോൾ ദൈവശബ്ദത്തിനുവേണ്ടി കാത്തിരിക്കുവാൻ നാം തയ്യാറാവണം.

**അല്പമെങ്കിലും ആശ്വാസത്തിന് വേണ്ടി നമ്മുടെ അരികിലേക്ക് ഓടിയെത്തുന്നവർ, നമുക്കുമുമ്പിൽ തങ്ങളുടെ ജീവിതപ്രശ്നങ്ങളുടെ ഭാണ്ഡക്കെട്ടുകൾ അഴിക്കുന്നവർ, അവരുടെ വിഷയങ്ങൾക്ക് ആശ്വാസം നൽകുവാൻ നമുക്ക് കഴിയുന്നുണ്ടോ?**

പിതാവാം ദൈവത്തിന്റെ ശബ്ദം ശിഷ്യന്മാരെ വല്ലാതെ ഭയപ്പെടുത്തി, അവർ ഭയപ്പെട്ടിട്ട് കവിണ്ണു വീണു. നാം ദൈവ സാന്നിധ്യം അറിയുവാൻ തിരുമുമ്പിൽ നമ്മെത്തന്നെ പൂർണമായി സമർപ്പിക്കണം.

എന്നാൽ മലയുടെ അടിവാരത്തിൽ ഉള്ളവർ ഇതൊന്നും അറിയുന്നില്ല, സാധാരണഗതിയിലുള്ള ശാന്തമായ അന്തരീക്ഷം. എങ്കിലും ഇപ്പോൾ ഒച്ചപ്പാടുകൾ, വാഗ്വാദങ്ങൾ, ദു:ഖം തളം കെട്ടിനിൽക്കുന്ന മുഖങ്ങളുമായി ശിഷ്യന്മാർ! എന്താണ് ഇവിടെ സംഭവിച്ചത്?... താബോർ മലയുടെ മുകളിൽ നിന്ന് യേശുവും മൂന്ന് ശിഷ്യന്മാരും ഇറങ്ങി വരികയാണ്, അവരെ കണ്ടപ്പോൾ തന്നെ താഴ്‌വരയിലായിരുന്ന ശിഷ്യന്മാർ ഭയന്നു തുടങ്ങി, അവിടെ കൂടിയിരുന്ന ജനക്കൂട്ടത്തിലേയ്ക്ക് ഇറങ്ങി വരുന്ന യേശുവിനെ കണ്ട മാത്രയിൽ പുരുഷാരത്തിലൊരുവൻ ശബ്ദം ഉയർത്തി തന്റെ സങ്കടം ബോധിപ്പിച്ചു, അവസ്ഥകൾ ഓരോന്നായി പറയുവാൻ തുടങ്ങി. പുരുഷാരത്തിനു മുൻപിൽ അല്പം നഷ്ടബോധത്തോടും ഭയത്തോടും കൂടി മറ്റു ശിഷ്യന്മാർ തലതാഴ്ത്തി നിൽക്കുന്നു. ആ സമയം ശിഷ്യന്മാരുടെ ഹൃദയത്തിലൂടെ കഴിഞ്ഞ ദിവസങ്ങളിൽ നാഥൻ പഠിപ്പിച്ച ഓരോ പാഠങ്ങളും, അവർ കണ്ടും കേട്ടും അറിഞ്ഞ അനുഭവങ്ങളും, ഇനി സംഭവിക്കുവാൻ പോകുന്ന ഓരോന്നും മിന്നൽപ്പിണർ പോലെ മിന്നി മറഞ്ഞു.

ആൾക്കൂട്ടത്തിന്റെ നടുവിൽ നിന്ന് ഓടി വന്ന മനുഷ്യൻ യേശുവിനോട് പറഞ്ഞു, നാഥാ ... എന്റെ മകനെ നിന്റെ അരികിലേക്ക് ഞാൻ കൊണ്ടുവന്നതായിരുന്നു, എന്നാൽ നിന്നെ കാണാഞ്ഞതിനാൽ ഞാൻ നിന്റെ ശിഷ്യന്മാരുടെ അരികിലേക്ക് രോഗിയായ എന്റെ മകനെ

കൊണ്ടുവന്നു, അവന്റെ അവസ്ഥകളെല്ലാം അവരോട് പറഞ്ഞു. അവനെ അലട്ടിയിരുന്ന ശക്തി പലപ്പോഴും അവനെ തീയിലേക്കും വെള്ളത്തിലേക്കും തള്ളിയിടുവാൻ ശ്രമിക്കുന്നു. മരണത്തിൽ നിന്ന് അവനെ രക്ഷിക്കണം. എന്റെ അവസ്ഥകൾ മനസ്സിലാക്കിയ ശിഷ്യന്മാർ അവനുവേണ്ടി പ്രാർത്ഥിച്ചു. എങ്കിലും വിഫലമായി.

ആ കുഞ്ഞിന്റെ പിതാവ് തന്റെ വേദനകൾ ഓരോന്നോരോന്നായി യേശുവിനോട് അറിയിച്ചപ്പോൾ, ശിഷ്യന്മാർ ഭയന്നു നിൽക്കുകയായിരുന്നു. അദ്ദേഹം പറയുന്ന ഓരോ വാക്കുകളും തങ്ങൾക്ക് നേരെ തറച്ചു കൊള്ളുന്നതുപോലെ. ആ പിതാവിന്റെ വാക്കുകൾക്ക് ഉത്തരം പറയാൻ കഴിയാതെ ശിഷ്യന്മാർ ഭയചകിതരായി, ഇതുവരെ ഇങ്ങനെ ഒരു സാഹചര്യം ശിഷ്യന്മാർക്ക് അനുഭവപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ യേശുവിന്റെ പ്രതികരണം എന്തായിരിക്കും എന്ന ചിന്ത അവരെ വല്ലാതെ ഭയപ്പെടുത്തി. യേശു ആ കുഞ്ഞിനെ അരികിൽ വിളിച്ച് അവനിലെ ഭൂതത്തെ ശാസിച്ചു. കുഞ്ഞിനെ സമ്പൂർണ്ണമായും സൗഖ്യമാക്കി. കുഞ്ഞ്, സൗഖ്യം ആയതോടെ അന്തരീക്ഷം ശാന്തമായി. ആ പിതാവും ബന്ധുക്കളും വളരെ ആശ്വസിക്കയും സന്തോഷിക്കയും ചെയ്തു. ശിഷ്യന്മാർ പ്രതീക്ഷിച്ചതുപോലെ യേശു ദേഷ്യപ്പെടുകയോ, അവരെ ശകാരിക്കുകയോ ചെയ്തില്ല. എന്നാൽ ശിഷ്യന്മാരും യേശുവും തനിച്ചായപ്പോൾ ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു, ഞങ്ങൾക്കെന്തുകൊണ്ടാണ് ആ ഭൂതത്തെ പുറത്താക്കാൻ കഴിയാതെ പോയത്? ആ ചോദ്യത്തിന് യേശുവിന്റെ മറുപടി വളരെ ചിന്തിപ്പിക്കുന്നതായിരുന്നു. നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോടു ഇവിടെ നിന്നും മാറിപ്പോവുക എന്ന് പറഞ്ഞാൽ അത് മാറിപ്പോകും. എങ്കിലും പ്രാർത്ഥനായാലും ഉപവാസത്താലുമല്ലാതെ ഈ വിധമുള്ളവ ഒഴിഞ്ഞുപോകുകയില്ല എന്ന് പറഞ്ഞു. (മത്തായി 17: 20,21). ഈ ഉത്തരം ശിഷ്യന്മാരെ വളരെയധികം ചിന്തിപ്പിച്ചു.

പ്രിയ സഹോദരങ്ങളെ, നമ്മുടെ ജീവിതയാത്രകൾക്കിടയിൽ, നാം കണ്ടുമുട്ടുന്ന വ്യക്തികൾ, നമ്മോട് സംസാരിക്കുന്ന വ്യക്തികൾ, അല്പമെങ്കിലും ആശ്വാസത്തിന് വേണ്ടി നമ്മുടെ അരികിലേക്ക് ഓടിയെത്തുന്നവർ, നമുക്കുമുമ്പിൽ തങ്ങളുടെ ജീവിതപ്രശ്നങ്ങളുടെ ഭാണ്ഡക്കെട്ടുകൾ അഴിക്കുന്നവർ, അവരുടെ വിഷയങ്ങൾക്ക്

**ആ കുഞ്ഞിന്റെ പിതാവ് തന്റെ വേദനകൾ ഓരോന്നോരോന്നായി യേശുവിനോട് അറിയിച്ചപ്പോൾ, ശിഷ്യന്മാർ ഭയന്നു നിൽക്കുകയായിരുന്നു. അദ്ദേഹം പറയുന്ന ഓരോ വാക്കുകളും തങ്ങൾക്ക് നേരെ തറച്ചു കൊള്ളുന്നതുപോലെ.**

ആശ്വാസം നൽകുവാൻ നമുക്ക് കഴിയുന്നുണ്ടോ? നമ്മുടെ ഉള്ളിലെ അവിശ്വാസം, പ്രാർത്ഥനാക്കുറവ്, സമർപ്പണമില്ലായ്മ, നമുക്കു മുൻപിൽ സങ്കടത്തോടെ വന്നവരുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് തടസ്സമായി തീരുന്നുണ്ടോ? ചന്ദ്രരോഗിയായ ആ കുഞ്ഞിന്റെ, പിതാവ് യേശുവിനു മുന്നിൽ ശിഷ്യന്മാരെക്കുറിച്ചു പറഞ്ഞതുപോലെ... നമ്മുടെ പ്രാണപ്രിയന്റെ മുമ്പിൽ നമ്മെ ആരെങ്കിലും കുറ്റപ്പെടുത്തുമോ? നമ്മുടെ വിശ്വാസ ജീവിതത്തിൽ മേൽപ്പറഞ്ഞ ഏതെങ്കിലും പോരായ്മകൾ നിമിത്തം, നമ്മുടെ സഹോദരങ്ങൾ, അവരുടെ കുടുംബങ്ങൾ, അവരുടെ തലമുറകൾ എന്നിങ്ങനെ ആർക്കെങ്കിലും ആശ്വാസം ലഭിക്കാതെ വേദനിച്ചിട്ടുണ്ടോ? അവർ പ്രശ്നങ്ങൾക്ക് നടുവിൽ നിന്ന് രക്ഷനേടാൻ കഴിയാതെ തകർന്നു പോയിട്ടുണ്ടോ?

അതെ, നമുക്ക് നേരെ ഇത്തരം നിരവധി ചോദ്യങ്ങൾ ഉയരുകയാണ്... സമൂഹത്തിനു മുമ്പിൽ, എല്ലാമെല്ലാമായ നമ്മുടെ ഗുരുനാഥന്റെ മുമ്പിൽ, ചോദ്യങ്ങൾ ഉയരുകയാണ്. ആ ചോദ്യങ്ങൾ ഇല്ലാതാവാൻ ഒറ്റ മാർഗ്ഗമേയുള്ളൂ. വിശ്വാസത്തിലും പ്രാർത്ഥനയിലും നമുക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. ആരും നമ്മെക്കുറിച്ച് ഒരു പരാതി പറയുവാനുള്ള സാഹചര്യം ഒരുക്കാതെ, പ്രാർത്ഥനയിൽ ശക്തരാകാം. പൊതുസമൂഹത്തിനു മുമ്പിൽ നിന്ദിക്കപ്പെടാതെ ഇരിക്കുവാൻ നമുക്ക് വിശ്വാസത്തിൽ ഉറപ്പുള്ളവരാകാം. എന്നിലൂടെ ദൈവനാമം മഹത്വപ്പെടണം എന്ന്, ആഗ്രഹവും സമർപ്പണവും ഉള്ളവരാകുവാൻ നമ്മെ ഓരോരുത്തരെയും സർവശക്തൻ സഹായിക്കട്ടെ ●





ജെസ്സി സാജു

# അനുഗൃഹീത ദൗത്യം ലഭിച്ചവൾ

കഴിഞ്ഞ രണ്ട് ലക്കങ്ങളായി നാം പഠിച്ചുകൊണ്ടിരുന്നത്, യേശുവിന്റെ അമ്മ മറിയയെ പറ്റിയും ലാസറിന്റെയും മർത്തയുടെയും സഹോദരി മറിയയെ കുറിച്ചും ആയിരുന്നുവല്ലോ. ഈ മൂന്നാം ലക്കത്തിൽ മഗ്ദലക്കാരി മറിയയെ പറ്റി ദൈവവചനത്തിൽ എടുത്തു പറഞ്ഞിരിക്കുന്ന പ്രസക്തമായ കാര്യങ്ങൾ ഏവ എന്ന് ചിന്തിക്കാം.

മഗ്ദലക്കാരി മറിയയെ പറ്റി ദൈവവചനത്തിൽ എന്തൊക്കെ പറഞ്ഞിരിക്കുന്നു എന്നൊന്നു നോക്കാം. അവളുടെ ജന്മസ്ഥലം മഗ്ദല ആയിരുന്നതിനാലായിരിക്കണം മഗ്ദലക്കാരി മറിയ എന്ന് അവൾക്കു വിളിപ്പേരുണ്ടായത്. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്ന് തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നതിന്റെ കൃത്യമായ ഒരു ദൃഷ്ടാന്തപാഠമാണ് മഗ്ദലക്കാരി മറിയ. പ്രേഷിതപ്രവർത്തനത്തിൽ യേശു അനേകം സ്ത്രീകളെയും തന്റെ ശുശ്രൂഷയ്ക്ക് പങ്കാളികളാക്കിയിരുന്നു. അതിൽ ഒരുവൾ ആയിരുന്നു മഗ്ദലക്കാരി മറിയയും . അവൾ ഭൂതബാധിതയായ ഒരു സ്ത്രീ ആയിരുന്നു. ഭൂതബാധിതയായി ജീവിച്ച ദയനീയമായ ഒരു ഭൂതകാലം അവൾക്കുണ്ടായിരുന്നു. എന്നാൽ യേശു അവളുടെ ഏഴു ഭൂതത്തെ പുറത്താക്കി (ലൂക്കോസ് 8 : 1 – 3). അവൾ സുബോധമുള്ളവളും സാഹചര്യങ്ങളെ ധൈര്യത്തോടെ നേരിടുന്നവളുമായി മാറി. ഈ സ്ത്രീകൾ യേശുവിനെയും ശിഷ്യന്മാരെയും തങ്ങളുടെ സമ്പാദ്യം കൊണ്ട് സഹായിച്ചു പോന്നിരുന്നു.

യേശുവിന്റെ പ്രേഷിത പ്രവർത്തനം ഈ ഭൂമിയിൽ അവസാനിക്കുന്ന നിമിഷം വരെ മറിയയുടെ നിരന്തര സാന്നിധ്യം നമുക്ക് ദൈവവചനത്തിൽ കാണാൻ സാധിക്കുന്നു.'അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ടു പട്ടണംതോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൗഖ്യം വരുത്തിയ ചില സ്ത്രീകളും, ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും, ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ

**യേശുവിന്റെ പ്രേഷിത പ്രവർത്തനം ഈ ഭൂമിയിൽ അവസാനിക്കുന്ന നിമിഷം വരെ മറിയയുടെ നിരന്തര സാന്നിധ്യം നമുക്ക് ദൈവവചനത്തിൽ കാണാൻ സാധിക്കുന്നു. അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ടു പട്ടണംതോറും സഞ്ചരിച്ചു.**

യോഹന്നയും, ശൂശന്നയും, തങ്ങളുടെ വസ്തുവകകൊണ്ടു അവർക്കു ശുശ്രൂഷ ചെയ്തു പോന്ന മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു (ലൂക്കോസ് 8:1, 2) ഈ വാകൃത്തിലൂടെ നാം മനസ്സിലാക്കേണ്ട ഒന്നാമത്തെ കാര്യം പ്രേഷിത പ്രവർത്തനത്തിൽ സഹോദരിമാർ ഉത്സാഹം ഉള്ളവരാകണം എന്നതാണ്. കിട്ടുന്ന അവസരങ്ങളെ ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി നമ്മാൽ ആവോളം ഉത്സാഹിക്കുകയും അങ്ങനെയുള്ള ഏത് അവസരങ്ങളെയും വിനിയോഗിക്കുകയും ചെയ്യണം. മറിയയും മറിയയുടെ കൂടെയുള്ള സഹോദരിമാരും വളരെ ഉത്സാഹം ഉള്ളവരായിരുന്നു.

യേശുവിനെ നാമൊന്ന് ശ്രദ്ധിച്ചു നോക്കിയാൽ അവിടുന്ന് പ്രേഷിത പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ രോഗികളെ സൗഖ്യമാക്കുകയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്യുക മാത്രമല്ല, വഴി നടന്നു പോകുമ്പോൾ കാണുന്ന കാര്യങ്ങൾ ഉപമകളായും അലങ്കാരങ്ങളായും ഉപയോഗിച്ചുകൊണ്ട് ദൈവവചനത്തിന്റെ മർമ്മങ്ങളെ മനസ്സിലാക്കിക്കൊടുക്കുകയാണ് ചെയ്തുവന്നിരുന്നത്. ദൈവരാജ്യത്തിന്റെ വ്യാപനം അല്ലാതെ മറ്റൊന്നും അവിടത്തെ വായിൽ നിന്ന് പുറത്തു വന്നിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. യേശുക്രിസ്തുവിന്റെ കൂടെ നടക്കുന്ന ശിഷ്യന്മാരും ശിഷ്യകളും ദൈവരാജ്യം വ്യാപിക്കുന്നതിന് വേണ്ടി അത്യുൽസാഹത്തോടെ പ്രവർത്തിക്കുന്നു.

യേശുവിന്റെ ക്രൂശുമരണ സമയത്ത് യേശുവിന്റെ അമ്മ മറിയയോടൊപ്പം മഗ്ദലക്കാരി മറിയയെയും മറ്റു ചില സ്ത്രീകളെയും നാം കാണുന്നു. 'സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു; അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയയും ശലോമയും ഉണ്ടായിരുന്നു (മർക്കോസ് 15:40). പുരുഷന്മാർക്കു പോലും കണ്ടു നിൽക്കാൻ കഴിയാതെ, ഭയന്ന് ഓടി മാറുമ്പോൾ, അതിഭയങ്കരമായ ക്രൂശീകരണം ഇവർ നേരിട്ട് കാണുന്നു. 'ആറാം മണിനേരമായപ്പോൾ ഒമ്പതാം മണിനേരത്തോളം ദേശത്തു എല്ലാം ഇരുട്ടു ഉണ്ടായി. യേശുവിന്റെ മരണം കാണുക മാത്രമല്ല, ഇരുട്ടത്തു ഭയം കൂടാതെ നിന്നതും ഈ സഹോദരിമാർക്ക് യേശുവിനോടുള്ള സ്നേഹത്തിന്റെ ആഴത്തെ വെളിപ്പെടുത്തുന്നു. യേശുവിനെ കല്ലറയിലടക്കുന്നതുവരെ ഈ സഹോദരിമാർ അവിടെത്തന്നെ നിന്നു. യേശു പറഞ്ഞതുപോലെ മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കും എന്ന് അവർ വിശ്വസിച്ചു. അതുകൊണ്ട് ഉയർപ്പിന്റെ സുപ്രഭാതത്തിൽ 'അവർ ഒരുക്കിയ സുഗന്ധവർഗ്ഗം എടുത്തു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്തു കല്ലറെക്കൽ എത്തി (ലൂക്കോസ് 24:1) ഒരുക്കിയ സുഗന്ധന്ധവർഗ്ഗം അവൾ കരുതിയിരുന്നു. അവൾക്കുള്ളതെല്ലാം യേശുവിനു അർപ്പിക്കാനും തയ്യാറായിരുന്നു അവൾ.

**ഇതുപോലുള്ള ഒരു കൊലമരണശേഷം ആരും ധൈര്യപ്പെടാത്ത ഒരു 'High risk' യാത്രയാണിത്... അവൾക്കു ഉറക്കമോ, സമയമോ, ഭവിഷ്യത്തോ വിഷയമല്ല. അവളുടെ രക്ഷകനും ഗുരുവുമായ കർത്താവിനെ കാണാൻ ആർത്തിയോടെ ഭയലേശമെന്യേ ഓടുകയാണ്.**

ഇരുട്ടുള്ളപ്പോൾ അവൾ കല്ലറയിലേക്ക് ഓടുകയാണ്. ഇതുപോലുള്ള ഒരു കൊലമരണശേഷം ആരും ധൈര്യപ്പെടാത്ത ഒരു 'High risk' യാത്രയാണിത്...അവൾക്കു ഉറക്കമോ, സമയമോ, ഭവിഷ്യത്തോ വിഷയമല്ല. അവളുടെ രക്ഷകനും ഗുരുവുമായ കർത്താവിനെ കാണാൻ ആർത്തിയോടെ ഭയലേശമെന്യേ ഓടുകയാണ്.

കല്ലറവായ്ക്കൽ നിന്ന് ആര് നമുക്കുവേണ്ടി കല്ല് മാറ്റിത്തരും എന്ന ആകുലചിന്തയോടെ കല്ലറയ്ക്കൽ എത്തിയപ്പോൾ ഒരു ദൂതൻ കല്ലുരുട്ടി മാറ്റി അതിന്മേൽ ഇരിക്കുന്നതു കണ്ടത് വലിയ ആശ്വാസമായിരുന്നു അവർക്കു നൽകിയത്. യേശു അവളോട്, സ്ത്രീയേ, നീ കരയുന്നതു എന്തു എന്നു ചോദിച്ചു. അവൻ തോട്ടക്കാരൻ എന്ന് വിചാരിച്ചു എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല എന്നു അവൾ പറഞ്ഞു. (യോഹന്നാൻ 20:13). 'യജമാനനേ, നീ അവനെ എടുത്തുകൊണ്ടു പോയി എങ്കിൽ എവിടെ വെച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോടു പറഞ്ഞു. താൻ കൊണ്ടുവന്ന

ശേഷം പേജ് 24 ▶

ഡോ. കെ. ജെ. കെ

# ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്

മത്തായി 19:6 "അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നുത്തരം പറഞ്ഞു". 'ദൈവം കൂട്ടിയോജിപ്പിച്ചതിനെ ആരും വേർപെടുത്തരുത്' എന്നു പറഞ്ഞിട്ട്, പുറകാലെ നിമിഷങ്ങൾക്കകം 'പരസംഗം നിമിത്തം ഉപേക്ഷിക്കാം' എന്നു ക്രിസ്തു പറഞ്ഞത് വൈരുധ്യമല്ലേ എന്നു ന്യായമായി സംശയിക്കാം (മത്തായി19:9).

ഒറ്റനോട്ടത്തിൽ പരസ്പരവിരുദ്ധം എന്നു തോന്നിപ്പിക്കുന്ന വാക്യങ്ങളുടെ വൈരുധ്യം പ്രഭാതമഞ്ഞുകണങ്ങൾപോലെ ഇല്ലാതാക്കുന്ന ഒരു വ്യാഖ്യാനമുണ്ടെങ്കിൽ അതാണ് ശരിയായ വ്യാഖ്യാനം എന്ന് വ്യാഖ്യാനശാസ്ത്രം പഠിപ്പിക്കുന്നു.

അങ്ങനെയുള്ള ഒരു വ്യാഖ്യാനമുണ്ട്. യെഹൂദാവിവാഹമര്യാദപ്രകാരമുള്ള ഒരു വിശദീകരണമാണിത്. അവിടെ മനസ്സമ്മതം രേഖപ്പെടുത്തുകയോ അറിയിക്കുകയോ ചെയ്യുന്ന വിവാഹനിശ്ചയ അവസരത്തിൽ അവരെ നിയമം കൂട്ടിയോജിപ്പിക്കുകയും, അവരൊന്നിച്ചു വസിക്കാൻ തുടങ്ങുമ്പോൾ ദൈവം കൂട്ടിയോജിപ്പിക്കുകയും ചെയ്യുന്നു. വിവാഹനിശ്ചയം കഴിയുമ്പോൾ അവരെ ഭാര്യഭർത്താക്കന്മാരായി കരുതത്തക്കവണ്ണം അത് യെഹൂദന്മാർക്ക് പ്രാധാന്യമേറിയതായിരുന്നു. അതുകൊണ്ടാകുന്നു മറിയ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ വിവാഹ നിശ്ചയം മാത്രമേ കഴിഞ്ഞിരുന്നുള്ളുവെങ്കിലും അവൾക്ക് ഉപേക്ഷണപത്രം കൊടുക്കുവാൻ യോസഫ് ഉദ്യമിച്ചത് (മത്തായി 1.19).

യോസഫ് നീതിമാനായിരുന്നതുകൊണ്ട് മറിയ പരസ്യമായി അവഹേളനാപാത്രമാകാതിരിക്കുന്നതിനുവേണ്ടി രഹസ്യമായി ഉപേക്ഷിക്കുവാൻ ഒരുങ്ങി. യെഹൂദന്മാരുടെ അന്നത്തെ പതിവനുസരിച്ച് വിവാഹം ഉറപ്പിച്ചതിനുശേഷം ഒരുവർഷം കഴിഞ്ഞാണ് മണവാളൻ മണവാട്ടിയെ കൂട്ടിക്കൊണ്ടുപോകുവാൻ വരുന്നത്. ഇത് വിവാഹനിശ്ചയത്തിനു മുൻപ് മണവാട്ടി തെറ്റിപ്പോയിരുന്നുവെങ്കിൽ ആ വിവരം പുറത്തുവരുന്നതിനുവേണ്ടിയായിരുന്നു. കൂടാതെ മണവാളന്റെ ആൾക്കാർ മണവാട്ടിയുടെ നീക്കങ്ങൾ നിരീക്ഷിച്ചുകൊണ്ടുമിരിക്കും.

ആഗോളവിശ്വാസിസമൂഹമായ മണവാട്ടിസഭയിൽ വിശുദ്ധിയുടെ സൗന്ദര്യം ദർശിക്കാതിരുന്നാൽ മണവാളനായ ക്രിസ്തുവിൽ അത് ദുഃഖവും അതൃപ്തിയും ഉളവാക്കും. യോസഫിനെപ്പോലെ സഭയെ ഉപേക്ഷിക്കുവാൻ ക്രിസ്തു തീരുമാനിച്ചാലും അവൻ നീതിമാനായിരിക്കും. എങ്കിലും ക്രിസ്തു സഭയെ ഉപേക്ഷിക്കുന്നില്ല. കാരണം, അവന്റെ വിലയേറിയ നിഷ്കളങ്കരക്തം കൊടുത്താണ് അവൻ നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്നത് (1പത്രൊസ്.1:18,19). യെഹൂദന്മാരുടെ ഇടയിൽ സ്ത്രീധനം പുരുഷൻ സ്ത്രീയ്ക്കാകുന്നു കൊടുക്കുന്നത് എത്യോപ്യയിലും ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഇപ്പോഴും അതാണ് നാട്ടുനടപ്പ്. അൻപതു രൂപയ്ക്ക് വാങ്ങിയ വസ്ത്രം കറപിടിച്ചെന്നു പറഞ്ഞ് ഉപേക്ഷിക്കാം, എന്നാൽ

## ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്

അയ്യായിരം രൂപയ്ക്ക് വാങ്ങിയ വസ്ത്രം കറപിടിച്ചാലും എങ്ങനെയെങ്കിലും ആ കറകളഞ്ഞ് ഉപയോഗിക്കാൻ നോക്കും.

**മത്തായി 19:7–8** ഒരു നിയന്ത്രണവുമില്ലാതെ ഉപേക്ഷണങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ അതിന്റെ എണ്ണം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് മോശെ ഉപേക്ഷണപത്രം കൊടുക്കുവാൻ കല്പിച്ചത്. ഉപേക്ഷണപത്രം കൊടുക്കുമ്പോൾ ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്ക് ജീവനാംശം കൊടുക്കുവാൻ ബാധ്യസ്ഥനാകും. അതുകാരണം പലരും അതൊഴിവാക്കുവാൻവേണ്ടി ഭാര്യയെ ഉപേക്ഷിക്കുന്നതിൽ നിന്നു പിൻതിരിയുവാനിടയാകും. യാതൊരു ഉത്തരവാദിത്വവുമില്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവരുടെ ഹൃദയകാഠിന്യം നിമിത്തമാണ് മോശെ അപ്രകാരം കല്പിച്ചത്.

**കുഞ്ഞാടിന്റെ കല്യാണം**

റിബേക്കയ്ക്ക് യിസ്ഹാക്കിനെ പ്രതിനിധീകരിച്ച് എലെയാസർ ആഭരണങ്ങൾ നൽകി അവളെയും കൂട്ടി മണവാളന്റെ ഭവനത്തിലേക്ക് പോകുമ്പോൾ വെളിമ്പ്രദേശത്തുവെച്ച് യിസ്ഹാക്കിനെ കണ്ടുമുട്ടി. അതുപോലെ ഒരു മൂന്നാം സ്ഥലത്ത്, അതായത് മണവാളന്റെയോ മണവാട്ടിയുടെയോ ഭവനമല്ലാത്ത ഒരു സ്ഥലത്ത്, എടുക്കപ്പെടുന്ന സഭയും ക്രിസ്തുവുമായി മധ്യാകാശത്ത് സന്ധിക്കും. ഇത് യെഹൂദന്മാരുടെ ഏഴു ദിവസത്തെ കല്യാണാഘോഷങ്ങൾക്കും വിരുന്നിനും സമാന്തരമാണ്. അതിനുശേഷം സഭയാം മണവാട്ടിയെ സ്വർഗ്ഗീയമണവറയിലേക്ക് പ്രവേശിപ്പിക്കും. ഇതിനു സമാന്തരമായി ആയിരം വർഷത്തേക്ക് ഭൂമിയിൽ സ്ഥാപിക്കുന്ന ദൈവരാജ്യത്തിലേക്ക് സഭ പ്രവേശിക്കും.

കോലാടുകളുടെയും ചെമ്മരിയാടുകളുടെയും ന്യായവിധി ജാതികളുടെയും(മത്തായി 25: 31– 46), പത്തുകന്യകമാരുടെ ഉപമയിലെ ന്യായവിധി യെഹൂദന്മാരുടേതുമാണ് (മത്തായി 25:1–13). വിളക്കിലെണ്ണയുള്ള കന്യകമാരെപ്പോലെ, യേശുവിനെ സ്വീകരിച്ച് പരിശുദ്ധാത്മാവിന്റെ സ്ഥിരവാസം ഹൃദയത്തിലുള്ളവർ മണവറയിലേക്ക് പ്രവേശിക്കും. യിസ്ഹാക്ക് റിബെക്കയെ തന്റെ കൂടാരത്തിലേക്ക് കൊണ്ടുപോയപ്പോഴാണ് അവരെ ദൈവം കൂട്ടിയോജിപ്പിച്ചത്. അതുപോലെ ദൈവം കൂട്ടിയോജിപ്പിച്ചതിനു ശേഷം ഭാര്യയെയും ഭർത്താവിനെയും ആരും വേർപെടുത്തരുത് എന്നു ചുരുക്കം. അങ്ങനെ മത്തായി 19: 6–9 ലെ ആരോപിത വിരോധാഭാസം ഇങ്ങിനി വരാതവണ്ണം ഇല്ലാതാകുന്നു. •

➧ 23 —— അനുഗൃഹീത ദൗത്യം ലഭിച്ചവൾ

സുഗന്ധവർഗ്ഗം യേശുവിന്റെ മൃതദേഹത്തിൽ പൂശേണ്ടതിനാണ് അവൾ ഉദ്യമിച്ചത്. യേശു അവളെ പേരുചൊല്ലി വിളിച്ചപ്പോൾ അവളവനെ തിരിച്ചറിഞ്ഞു. 'മറിയയെ' എന്ന ഒറ്റവിളിയിൽ അവിടുന്ന് സ്വയം വെളിപ്പെടുത്തി. ആ സ്വരം തിരിച്ചറിയാൻ ഒരു നിമിഷം പോലും വേണ്ടിവന്നില്ല.'റബുനി' എന്നു വിളിച്ചവൾ പ്രതികരിച്ചു.യേശുവിനെ തൊടാൻ ഭാവിച്ചപ്പോൾ യേശു പ്രതികരിക്കുന്നത് മഹാദൗത്യം മറിയയെ ഏൽപ്പിച്ചുകൊണ്ടാണ്. താൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് ശിഷ്യന്മാരെ അറിയിക്കുവാനുള്ള ആദ്യനിയോഗം. അതാദ്യം അറിയിച്ചതും അവൾ തന്നെ. ശിഷ്യന്മാർക്കു ലഭിക്കാത്ത വലിയ അനുഗ്രഹം. 'ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക എന്നു പറഞ്ഞു'.

മഗ്ദലക്കാരത്തി മറിയ താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോടു അറിയിച്ചു....യേശു ഉയിർത്തെഴുനേറ്റു എന്ന സന്ദേശം ആണ് സുവിശേഷം. പാപസൗഖ്യവും രോഗസൗഖ്യവും പ്രാപിച്ച മഗ്ദലമറിയം യേശുവിനെ അനുഗമിച്ചു, തന്റെ സമ്പാദ്യം ചിലവഴിച്ചു യേശുവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചു, വലിയ വിലയുള്ള സുഗന്ധവർഗം ഉണ്ടാക്കി അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറയ്ക്കൽ എത്തി, യേശുവിനെ കാണുന്നതുവരെ അവിടെ ഭയം കൂടാതെ നിലകൊണ്ടു, പുനരുത്ഥാനത്തിന്റെ സദ്വാർത്ത ആദ്യം ഘോഷിക്കാൻ നിയോഗിക്കപ്പെട്ടു, ഘോഷിച്ചു. മഹത്തായ അനുഭവം! അതു ഘോഷിക്കാൻ ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടവരാണ്. സന്തോഷത്തോടും ഉത്സാഹത്തോടും നമുക്കതു നിർവഹിക്കാം. •

## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ



ജോയ് എം. തോമസ്

# ശുശ്രൂഷ ചെയ്യുന്ന നായകർ

*അന്നു സെബെദിപുത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെ അടുക്കെ വന്നു നമസ്കരിച്ച് അവനോട് ഒരു അപേക്ഷ കഴിച്ചു. നിനക്ക് എന്തു വേണം എന്ന് അവൻ അവളോടു ചോദിച്ചു. അവൾ അവനോട്: ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ എന്നു പറഞ്ഞു. അതിന് ഉത്തരമായി യേശു: നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചു. കഴിയും എന്ന് അവർ പറഞ്ഞു. അവൻ അവരോട്: എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം; എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നല്കുന്നത് എന്റേതല്ല; എന്റെ പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും എന്നു പറഞ്ഞു. ശേഷം പത്തുപേർ അതു കേട്ടിട്ട് ആ രണ്ടു സഹോദരന്മാരോടു നീരസപ്പെട്ടു. യേശുവോ അവരെ അടുക്കെ വിളിച്ചു: ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു( മത്തായി 20:20 – 28)*

അധികാരത്തിനും പദവിക്കും വേണ്ടിയുള്ള മോഹം മനുഷ്യൻ പാപിയായി തീർന്നതു മുതൽ അവന്റെ ചിന്തകളിൽ അലിഞ്ഞുചേർന്നിട്ടുള്ളതാണ്. സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നവരും അറിയപ്പെടുന്നവരും ആയിത്തീരുക എന്നത് ഏറെക്കുറെ എല്ലാവരിലും കുടികൊള്ളുന്ന ആഗ്രഹം ആണ്. തങ്ങൾക്ക് കഴിയാതിരുന്നത് മക്കളിൽ കൂടി സാധിക്കുക എന്നാണ് പല മാതാപിതാക്കളും ചിന്തിക്കുന്നത്. ലോകത്തിൽ അവരെ വലിയവരാക്കാനുള്ള കഠിനശ്രമമാണ് അവർ ചെയ്യുന്നത്. ആത്മിക കാര്യങ്ങളിലും സുവിശേഷ പ്രവർത്തനങ്ങളിലും തൽപരരായവർ തങ്ങളുടെ മക്കൾ ആ രംഗത്ത് പ്രസിദ്ധരായിത്തീരണം എന്നാഗ്രഹിക്കുന്നു. ഇതിനു സമാനമായ ഒരു സംഭവമാണ് നമ്മുടെ വേദഭാഗത്ത് കാണുന്നത്.

യാക്കോബിന്റെയും യോഹന്നാന്റെയും മാതാവ് തന്റെ രണ്ട് പുത്രന്മാരെയും കൂട്ടി യേശുവിന്റെ അടുക്കൽ ഒരു അപേക്ഷയും ആയിട്ട് വരുന്നു. 'എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ എന്നതായിരുന്നു അവരുടെ അപേക്ഷ. ഈ സംഭവം മർക്കോസ് തന്റെ സുവിശേഷത്തിൽ വിവരിക്കുമ്പോൾ (മർക്കോസ് 10:35) യാക്കോബും യോഹന്നാനും യേശുവിന്റെ അടുക്കൽ ഈ അപേക്ഷയുമായി വന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവരുടെ മാതാവും കൂടെ ഉണ്ടായിരുന്നു എന്നും, അവരുടെ മാതാവാണ് ഇത് പറയുന്നത് എന്നും മത്തായി രേഖപ്പെടുത്തി. മക്കളുടെ മേൽ മാതാപി

താക്കളുടെ സ്വാധീനം ഉണ്ടല്ലോ. ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ പാകുന്നതിനു അവരുടെ സ്വാധീനം മക്കളിൽ വ്യക്തമാണ്. അതുകൊണ്ടു യേശുകർത്താവു മഹത്വത്തിൽ വരുമ്പോൾ വലത്തും ഇടത്തും ഇരിക്കണം എന്ന് ആഗ്രഹം യാക്കോബിനും യോഹന്നാനും ഉണ്ടായിരുന്നു. അത് അവരുടെ മാതാവിന്റെ ആഗ്രഹമായിരുന്നു. യേശുവിനോട് നല്ല ബന്ധം പുലർത്തിയിരുന്ന മാതാവ് അത് യേശുവിനോട് പറയുവാൻ ധൈര്യപ്പെടുകയും ചെയ്തു.

യേശുകർത്താവ് നൽകിയ മറുപടി നാം ശ്രദ്ധിക്കേണ്ടതാണ്. 'നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല'. കർത്താവിനെയോ കർത്താവിന്റെ തിരുഹിതമോ തിരിച്ചറിയാതെ അറിവില്ലായ്മയിൽ നിന്നുള്ള യാചനയായിരുന്നു ഇത്. നാമും ഇങ്ങനെ അറിവില്ലായ്മയിൽ നിന്ന് പലതും യാചിക്കാറില്ലേ? നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ, എന്തെല്ലാം ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ചുള്ളതാണെന്ന് പരിശോധിക്കുന്നത് പ്രയോജനകരമാണ്. നമ്മുടെ പ്രാർത്ഥനകൾ ദൈവഹിതത്തിൽ ഊന്നിയുള്ളതായിരിക്കട്ടെ.

യാക്കോബിനോടും യോഹന്നാനോടും കർത്താവ് ഒരു ചോദ്യം ഉന്നയിച്ചു. 'ഞാൻ കുടിക്കാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്ക് കഴിയുമോ'? കർത്താവ് അനുഭവിക്കുവാൻ പോകുന്ന യാതനകളും ക്രൂശീകരണവും ആണ് കർത്താവ് ഇവിടെ ഉദ്ദേശിച്ചത് എന്നത് വ്യക്തം. അതിന്റെ തീവ്രത മനസ്സിലാക്കാതെ 'കഴിയും' എന്ന് യാക്കോബും യോഹന്നാനും മറുപടി പറഞ്ഞു. കർത്താവ് അവരുടെ മറുപടി ഉൾക്കൊണ്ടുകൊണ്ട് 'എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം എന്ന് പറഞ്ഞു'. നാം അവനോട് കൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോട് കൂടെ കഷ്ടം അനുഭവിച്ചാലത്രെ എന്നു പൗലോസ് ഓർപ്പിക്കുന്നത് ഒരു ദൈവിക മാനദണ്ഡമാണ്. കർത്താവിനെ അനുഗമിക്കുന്നവർക്ക് കഷ്ടതയുടെ പാനപാത്രത്തിൽ പങ്കാളിത്തം കൂടിയേ തീരൂ. ആ നിലയിൽ യാക്കോബും യോഹന്നാനും കർത്താവ് കുടിച്ച പാനപാത്രം കുടിക്കും എന്നത് നിശ്ചയം ആയിരുന്നു. യേശുവിനോട് കൂടെ നിത്യതയിൽ വാഴുന്നവരെല്ലാം ഭൂമിയിൽ ആയിരുന്നപ്പോൾ കർത്താവിന്റെ നാമത്തിനായി കഷ്ടത സഹിച്ചവരാണ്. അവരുടെ വിശ്വാസവും കർത്താവിനോടുള്ള പ്രതിബദ്ധതയും സഹനവും ഒക്കെ

**യേശുവിന്റെ അടുക്കൽ സൗഖ്യം ആക്കണമെന്ന് അപേക്ഷയുമായി വന്നവർക്കെല്ലാം സൗഖ്യം കിട്ടി. എന്നാൽ നിത്യതയിലെ സ്ഥാനങ്ങൾ ആഗ്രഹിച്ചു നടത്തിയ സെബദിപുത്രന്മാരുടെ അപേക്ഷ തിരസ്കരിക്കപ്പെട്ടു.**

മാനദണ്ഡമാക്കി ആയിരിക്കും നിത്യതയിൽ പ്രതിഫലം വിഭജിക്കപ്പെടുന്നത്. അതനുസരിച്ച് പിതാവായ ദൈവം ഓരോരുത്തർക്കും ഉള്ള സ്ഥാനം നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് കർത്താവ് അരുളിച്ചെയ്തു 'എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല, എന്റെ പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്ക് കിട്ടും'!

നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ചില യാഥാർത്ഥ്യങ്ങൾ ഇവിടെ ഉണ്ട്. യേശുവിന്റെ അടുക്കൽ സൗഖ്യം ആക്കണമെന്ന് അപേക്ഷയുമായി വന്നവർക്കെല്ലാം സൗഖ്യം കിട്ടി. എന്നാൽ നിത്യതയിലെ സ്ഥാനങ്ങൾ ആഗ്രഹിച്ചു നടത്തിയ സെബദിപുത്രന്മാരുടെ അപേക്ഷ തിരസ്കരിക്കപ്പെട്ടു. നിത്യതയിലെ സ്ഥാനങ്ങൾ മോഹിച്ചതുകൊണ്ട് മാത്രം ലഭിക്കുന്നതല്ല, പ്രത്യുത ക്രിസ്തുവിനായി ജീവിക്കുവാനുള്ള സമർപ്പണത്തിന്റെ ആഴവും, നേരിടേണ്ടിവരുന്ന കഷ്ടങ്ങൾ സഹിക്കുന്നതിന്റെ വ്യാപ്തിയും അനുസരിച്ചാണ്. കർത്താവ് കുടിക്കുന്ന പാനപാത്രം എത്രത്തോളം അവർക്ക് കുടിക്കാൻ കഴിയും എന്നതുമാത്രമാണ് കർത്താവ് ആരായുന്നത്. നിത്യതയിൽ എത്തുവാനോ നിത്യതയിൽ പ്രതിഫലങ്ങൾ പ്രാപിക്കുന്നതിനോ യാതൊരു കുറക്കുവഴിയുമില്ല, പ്രതിഫലയോഗ്യമായ ജീവിതം ജീവിക്കുക എന്നത് മാത്രമേയുള്ളൂ.

മറ്റു ശിഷ്യന്മാർ യാക്കോബിനോടും യോഹന്നാനോടും നീരസപ്പെടുന്നത് നാം കാണുന്നു. യോഹന്നാന്റെയും യാക്കോബിന്റെയും ആഗ്രഹത്തോടും പ്രാർത്ഥനയോടും മറ്റുള്ളവർക്ക് യോജിക്കുവാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല അവർക്ക് അസ്വസ്ഥത ഉളവാക്കുകയും ചെയ്തു. സ്ഥാനങ്ങളും മാനങ്ങളും എല്ലാവരും മോഹിക്കുന്നതാണല്ലോ. സ്ഥാനമാനങ്ങളോടുള്ള മോഹം മുഴുത്താൽ ഭിന്നത ഉണ്ടാകും എന്നത് തർക്കമറ്റ

കാര്യമാണ്. കുറുക്കുവഴികൾ തേടി പോകുകയും ചെയ്യും. ഇത് നമ്മിലുള്ള പാപപ്രകൃതിയിൽ നിന്നാണ് എന്നത് മറക്കരുത്. ഈ മേഖലയിൽ ജയം പ്രാപിക്കുവാൻ നമുക്ക് കഴിയട്ടെ.

ദൈവരാജ്യത്തിന്റെ വ്യവസ്ഥിതി എന്തെന്ന് ബോധ്യപ്പെടുത്തുവാൻ യേശു ഈ അവസരം ഉപയോഗിച്ചു. ശിഷ്യന്മാർക്ക് അവിടുന്ന് കൊടുത്ത ഉപദേശം അതീവ ഗൗരവത്തോടെ നാം സ്വീകരിക്കേണ്ടതാണ്. 'യേശുവോ അവരെ അടുക്കൽ വിളിച്ചു: ജാതികളുടെ അധിപന്മാർ അവരിൽ കർതൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുത്...' തന്റെ ശിഷ്യന്മാരെക്കുറിച്ചുള്ള യേശുവിന്റെ ആഗ്രഹം, പിതാവായ ദൈവത്തിന്റെ ഇഷ്ടമാണ് യേശു വ്യക്തമാക്കുന്നത്. ജാതികളുടെ ഇടയിൽ അഥവാ ലോകത്തിൽ കണ്ടും കേട്ടും ഉള്ള വ്യവസ്ഥിതി അല്ല ദൈവരാജ്യത്തിൽ ഉള്ളത് എന്ന് കർത്താവ് നമുക്ക് പറഞ്ഞുതരുന്നു. മറ്റുള്ളവരുടെ മേൽ അധികാരം നടത്തുന്ന പ്രവണത മനുഷ്യന്റെ പാപസ്വഭാവത്തിൽ നിന്നുള്ളതാണ്. 'നിങ്ങളിൽ അങ്ങനെ അരുത്' എന്ന് കർത്താവ് കൽപ്പിക്കുന്നു. ലോകത്തിൽ ജീവിക്കുമ്പോൾ ലോകക്കാരാകാതെ ജീവിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് യേശുവിന്റെ ശിഷ്യന്മാർ എല്ലാവരും, എല്ലാ കാലഘട്ടത്തിലും ദൈവരാജ്യത്തിന്റെ വ്യവസ്ഥിതിയാണ് അവർ പിന്തുടരേണ്ടത്. ദൈവരാജ്യം, സമത്വം, സാഹോദര്യം, സേവനം എന്ന വ്യവസ്ഥിതിയിൽ ആണ് പ്രവർത്തിക്കുന്നത്. യേശു പറയുന്നു: 'നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവരെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവരെല്ലാം നിങ്ങളുടെ ദാസൻ ആകണം'. ഈ മനോഭാവം നമ്മിൽ ഉണ്ടായാൽ അത് എത്ര ശ്രേഷ്ഠം ആയിരിക്കും. അധികാര വടംവലി ഇല്ല, മറ്റുള്ളവരെ ശുശ്രൂഷിക്കുവാനുള്ള ആഗ്രഹവും സമർപ്പണവും! അധികാരം കർതൃത്വത്തിന് അല്ല, പ്രത്യുത സേവനത്തിനാണ്. സേവനത്തിലൂടെ തെളിയിക്കപ്പെട്ട നിസ്വാർത്ഥരാണ് ദൈവരാജ്യത്തിന്റെ പദവികളിൽ ദൈവത്താൽ നിയോഗിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ സഭ അഥവാ ശിഷ്യന്മാരുടെ കൂട്ടം ഈ വ്യവസ്ഥിതിയാണ് പിന്തുടരേണ്ടത്.അപ്പോൾ മാത്രമേ സഭ ലോകത്തിന്റെ പ്രകാശമായി ശോഭിക്കുകയുള്ളൂ.

**ജാതികളുടെ ഇടയിൽ അഥവാ ലോകത്തിൽ കണ്ടും കേട്ടും ഉള്ള വ്യവസ്ഥിതി അല്ല ദൈവരാജ്യത്തിൽ ഉള്ളത് എന്ന് കർത്താവ് നമുക്ക് പറഞ്ഞുതരുന്നു. മറ്റുള്ളവരുടെ മേൽ അധികാരം നടത്തുന്ന പ്രവണത മനുഷ്യന്റെ പാപസ്വഭാവത്തിൽ നിന്നുള്ളതാണ്.**

കർത്താവ് തന്റെ ജീവിതമാതൃക പിന്തുടരുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലായി കൊടുക്കാനും വന്നതുപോലെ തന്നെ'! . സകലത്തിന്റെയും സ്രഷ്ടാവും ഉടയവനും രാജാവുമായവൻ തന്റെ സൃഷ്ടികളായ മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവന്നത് ശുശ്രൂഷ ചെയ്യിപ്പാനല്ല, പ്രത്യുത ശുശ്രൂഷ ചെയ്യുവാൻ ആയിരുന്നു എന്നത് എത്ര അതിശയവും ശ്രേഷ്ഠവുമായതാണ്. 'ശുശ്രൂഷ ചെയ്യുക' എന്നത് ദൈവീക സ്വഭാവമാണ്. ക്രിസ്തുവിന്റെ സ്വഭാവത്തോട് നാം അനുരൂപപ്പെടുമ്പോൾ ശുശ്രൂഷ ചെയ്യിപ്പാനും അധികാരം നടത്തുവാനുമുള്ള പ്രവണതയല്ല, മറിച്ച് മറ്റുള്ളവരെ ശുശ്രൂഷിപ്പാനും പരിചരിപ്പാനുമുള്ള ഹൃദയ വിശാലതയും താഴ്മയും ആണ് നമ്മിൽ വളരുക. ഇപ്രകാരമുള്ള രൂപാന്തരം നമ്മിൽ സംഭവിക്കുന്നുണ്ടെങ്കിൽ നാം ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ്. നാം ക്രിസ്തീയ ജീവിതത്തിന്റെ യഥാർത്ഥ പാതയിലാണ്. ശുശ്രൂഷ ചെയ്യിക്കാനും അധികാരം നടത്തുവാനുമുള്ള ആഗ്രഹമാണ് നമ്മിൽ വളരുന്നതെങ്കിൽ നമ്മുടെ ആത്മീക ജീവിതം അപകടത്തിലാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം.

ഇന്നത്തെ ക്രിസ്തീയ സഭകളിൽ (സഭാവിഭാഗം ഏതുമാകട്ടെ) നാം കണ്ടുവരുന്നത് എന്താണ്? ക്രിസ്തീയശുശ്രൂഷകരിൽ സേവനതൽപരരായിരിക്കുന്നവർ കുറയുന്നുവോ? സ്ഥാനമാനങ്ങളിലും പേരിലും പണത്തിലും ഒക്കെ ആകൃഷ്ടരായിത്തീരുന്നവർ വർദ്ധിക്കുകയാണോ? വിശ്വാസികൾക്ക് മാതൃക ആയി ജീവിച്ച് ശുശ്രൂഷ ചെയ്യുന്നവർ ചുരുക്കം ആകുന്നുവോ? യേശുകർത്താവ് വിഭാവനം ചെയ്ത ദൈവരാജ്യത്തിന്റെ വ്യവസ്ഥിതിയെ നാം അവഗണിക്കുകയാണോ? യേശുവിന്റെ മാതൃകയിലേക്ക് നമുക്ക് മടങ്ങിവരാം. അന്യോന്യം ശുശ്രൂഷ ചെയ്യുന്ന സാഹോദര്യ മനോഭാവത്തിൽ വളരുവാൻ കർത്താവ് നമുക്ക് കൃപ തരട്ടെ! •

കണക്കുനോക്കിയാൽ ഏകദേശം എൺപതിനായിരം രൂപ എന്നു കരുതിക്കോളൂ. എന്നാൽ ആ പണംകൊണ്ട് മുഴുവൻ ജനങ്ങൾക്കും സുഭിക്ഷമായി കൊടുക്കാനൊന്നും കഴിയില്ല. സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാരാണ് അവിടെ ഉണ്ടായിരുന്നത് (മത്തായി 4:21). ഇത്രയും പണംകൊണ്ട് എല്ലാവർക്കും ഒരു കഷണം വീതം അപ്പം കൊടുക്കാൻ പറ്റിയേക്കും. സ്വബുദ്ധിയിൽ നിന്നുള്ള ചിന്തകളാണ് ചിലപ്പോഴൊക്കെ ആദ്യം മനസ്സിൽ തെളിഞ്ഞു വരിക.

എവിടെ അപ്പം കിട്ടുമെന്നൊക്കെ ഫിലിപ്പോസിന് അറിയാമായിരുന്നിരിക്കണം– നാട്ടുകാരനല്ലെ. എന്നാൽ പ്രശ്നം അപ്പമല്ല, പണമാണ്. ഇതാണ് ഫിലിപ്പോസിന്റെ തിരിച്ചറിവ്. ഇന്നും പലരുടെയും – മിക്കവരുടെയും– ചിന്ത "പ്രശ്നങ്ങൾ പരിഹരിക്കാൻ അത്യന്താപേക്ഷിതമായിരിക്കുന്നത് പണം'' എന്നാണ്. അതുകൊണ്ടാണല്ലോ പണമുണ്ടാക്കാൻ മനുഷ്യൻ ഈ പെടാപ്പാടെല്ലാം വഹിക്കുന്നത്. കുറെക്കൂടെ പണമുണ്ടായിരുന്നെങ്കിൽ എന്റെ വീടിന്റെ പ്രശ്നം പരിഹരിക്കാമായിരുന്നു; കുറെക്കൂടെ പണമുണ്ടായിരുന്നെങ്കിൽ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാമായിരുന്നു... കുറെക്കൂടെ പണമുണ്ടായിരുന്നെങ്കിൽ...

വിശ്വാസികളെന്നു തങ്ങളെത്തന്നെ വിളിക്കുന്നവരോട് ഇടപെട്ടാലും ഒടുവിൽ മനസ്സിലായി വരുന്ന കാര്യം അവരുടെ 'വിശ്വാസം' പണത്തിൽ എന്നാണ്. അവർ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടാകാം... എങ്കിലും അവർ വിശ്വസിക്കുന്നത് "ദൈവം തങ്ങൾക്ക് പണം നൽകും" എന്നാണ്. അടിസ്ഥാന ആവശ്യമായി അവർ കാണുന്നത് ദൈവത്തെയല്ല, ദൈവം നൽകുന്ന പണത്തെയാണ്. ദൈവം അതിനൊരു ഉപാധിമാത്രം. അവർ പള്ളിയിൽ വരുന്നതും ആരാധിക്കുന്നതും ആചാരങ്ങൾ അനുഷ്ഠിക്കുന്നതുമൊക്കെ ആത്യന്തിമായി 'ധനസമൃദ്ധി'ക്കു വേണ്ടിയാണ്. അവർ പറയുന്നതിതാണ്: " കർത്താവേ, ഒരു പ്രശ്നമുണ്ട്: ഞാൻ പരിഹരിച്ചോളാം... എന്നാൽ അതിനു കുറച്ചു പണംകൂടെ വേണം. നീ അതിങ്ങ് എത്തിച്ചു തന്നിരുന്നെങ്കിൽ ഞാൻ ആ പ്രശ്നം വലിയ കുഴപ്പമില്ലാതെ പരിഹരിച്ചേനെ".

ഫിലിപ്പോസ് ഇവിടെ സ്വന്തപ്രശ്നം പരിഹരി

**വിശ്വാസികളെന്നു തങ്ങളെത്തന്നെ വിളിക്കുന്നവരോട് ഇടപെട്ടാലും ഒടുവിൽ മനസ്സിലായി വരുന്ന കാര്യം അവരുടെ 'വിശ്വാസം' പണത്തിൽ എന്നാണ്. അവർ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടാകാം... എങ്കിലും അവർ വിശ്വസിക്കുന്നത് "ദൈവം തങ്ങൾക്ക് പണം നൽകും" എന്നാണ്.**

ക്കാൻ വേണ്ടിയല്ല കർത്താവിനോട് പണം ചോദിക്കുന്നത്... മറ്റുള്ളവരുടെ വിശപ്പു മാറ്റാൻ! ഇതു തന്നെയാണ് ഇന്നു സഭകളും സന്നദ്ധസംഘടനകളും ഒക്കെ പറയുന്നത്. വിധവകളുടെ പ്രശ്നം ഞങ്ങൾ പരിഹരിച്ചോളാം. ഞങ്ങൾ വീടുവെച്ചു കൊടുത്തോളാം. ഞങ്ങൾ ഭക്ഷണം വിതരണം ചെയ്തോളാം ... അതിന് ഒരു കുറവേയുള്ളൂ... പണം. അതു താ... എല്ലാം ഞങ്ങൾ നേരെയാക്കിക്കോളാം.

സുവിശേഷ സംഘടനകളും ഇതുതന്നെ പറയുന്നു. "പണം താ... ഞങ്ങൾ ഇന്ത്യ മുഴുവൻ സുവിശേഷീകരിച്ചോളാം". "ഫണ്ടു പിരിവാണ്" ഇന്നു പലരുടെയും പ്രധാന സുവിശേഷവേല. പലരും വീടുകൾ കയറിയിറങ്ങുന്നത് ജനങ്ങൾക്കു സത്യസുവിശേഷം കൊടുക്കാനും അവരെ ക്രിസ്തുവിന്റെ പ്രകാശത്തിലേക്കു നടത്താനുമല്ല. പ്രത്യുത, "മാസപ്പിരിവ്" നടത്താനാണ്. വിദേശസംഘടനകൾ ഉൾപ്പെടെ ഇന്ത്യയിലും മറ്റു വികസ്വര രാജ്യങ്ങളിലും പ്രവർത്തിക്കുന്ന സുവിശേഷസംഘടനകൾ ഇക്കാര്യത്തിൽ 'ഫിലിപ്പോസി' ന്റെ അനുയായികളാണ്. വിശക്കുന്നവർക്ക് അപ്പം കൊടുക്കാൻ... നശിച്ചുപോകുന്നവർക്ക് സുവിശേഷം നൽകാൻ... 'ഇരുന്നൂറു പണത്തി'നായി അവർ ലോകം ചുറ്റിക്കറങ്ങുന്നു. അവരുടെ ചുറ്റിക്കറക്കത്തിന് ഇരുന്നൂറു പണത്തിനു പകരം അവർ രണ്ടായിരം പണം ചെലവിടുന്നു. വിശക്കുന്ന ജനമോ ഇവരുടെ ചുറ്റിക്കറക്കത്തിന്റെ നേരത്ത് പട്ടിണികിടന്നു മരിക്കുന്നു.

പലരുടെയും ചിന്ത സുവിശേഷം ലോകം മുഴുവൻ വ്യാപരിക്കാത്തത് പണമില്ലാത്തതുകൊണ്ടാണന്നാണ്. അതൊരു തെറ്റിദ്ധാരണയും തെറ്റായ പ്രചരണവുമാണ്. ചില സംഘടനകൾ പറയുന്നത്: പണമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ

ലോകം മുഴുവൻ സുവിശേഷീകരിച്ചേനെ എന്നൊക്കെയാണ്. ഈ വ്യാജ അവകാശവാദത്തിൽ കുടുങ്ങിപ്പോകരുത്. എന്താണു കർത്താവു പറയുന്നത്: “കൊയ്ത്തു വളരെയുണ്ട് സത്യം, വേലക്കാരോ ചുരുക്കം'' (മത്തായി 9:37). പ്രശ്നത്തിന്റെ പരിഹാരമാർഗ്ഗം ഫണ്ടുപിരിവല്ല എന്ന് ഫിലിപ്പോസിനെ പഠിപ്പിക്കേണ്ടതിനാണു യേശു അവനോട് ചോദ്യങ്ങൾ ചോദിച്ചത്.

അടുത്ത പരിഹാരമാർഗ്ഗവുമായെത്തിയത് പത്രോസിന്റെ സഹോദരനായ അന്ത്രേയാസ് ആണ് (യോഹന്നാൻ 6: 8). അവൻ പറയുന്നത്: “ഇവിടെ ഒരു ബാലകൻ ഉണ്ട്; അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ട്; എങ്കിലും ഇത്രപേർക്ക് അത് എന്തുള്ളൂ എന്നാണ്'' (യോഹന്നാൻ 6: 9). നോക്കൂ, ഫിലിപ്പോസിനും അന്ത്രേയാസിനും പ്രശ്നപരിഹാരത്തിന് ഓരോ നിർദേശങ്ങളുണ്ട്. എന്നാൽ രണ്ടു കൂട്ടരും ഒരു കാര്യം ഏറ്റുപറയുന്നു: തങ്ങളെക്കൊണ്ട് ഇതു പൂർണമായി പരിഹരിക്കാൻ കഴിയില്ല. അതൊരു പോസിറ്റീവ് കാര്യമാണ്. ഏറ്റവും കുറഞ്ഞത് അവർ അവരുടെ ബലഹീനതയെ മനസ്സിലാക്കിയല്ലോ... നമ്മുടെ കഴിവുകേടുകളെ തിരിച്ചറിയുമ്പോഴാണ് പ്രശ്നപരിഹാരത്തിനായി യേശുവിൽ ആത്യന്തികമായി ആശ്രയിക്കേണ്ടതിന്റെ ആവശ്യകത നാം മനസ്സിലാക്കുന്നത്.

ഒടുവിൽ യേശുകർത്താവ് തന്റെ പ്രവൃത്തി നിർവഹിക്കാനിറങ്ങി... “ആളുകളെ ഇരുത്തുവിൻ'' എന്നു അവിടുന്നു പറഞ്ഞു. അയ്യായിരം പുരുഷന്മാർ! യേശു അപ്പം എടുത്ത് വാഴ്ത്തി, ഇരുന്നവർക്കു പങ്കിട്ടുകൊടുത്തു... മീനും അങ്ങനെ തന്നെ (യോഹന്നാൻ 6: 10,11). ഒരു പ്രശ്നമുണ്ടായപ്പോൾ അതിൽനിന്ന് എങ്ങനെയെങ്കിലും ഒഴിഞ്ഞുപോകാനായിരുന്നു ശിഷ്യന്മാരുടെ ആദ്യ പരിശ്രമം. ഫിലിപ്പോസ് പ്രശ്നപരിഹാരത്തിന് ‘അരക്കൈ' പരീക്ഷിക്കാൻ തയ്യാറായിരുന്നു. എന്നാലും അതിനാവശ്യമായ ‘ഫണ്ടില്ല' എന്നത് അവനെ കുഴക്കി. അന്ത്രേയാസ് പറയുന്നു: ഞങ്ങളുടെ കയ്യിൽ ചിലതുണ്ട്; എന്നാൽ അതു തികയില്ല, ബാക്കി നീ താ...

തങ്ങളുടെ പക്കലുള്ളതിന്റെ കൂടെ ദൈവത്തിൽ നിന്നു ലഭിക്കുന്നതും കൂടെയിട്ട് കാര്യം നടത്താമെന്നു നിങ്ങൾ ചിന്തിക്കേണ്ട. എന്നാൽ ആ ചെറുബാലന്റെ മനോഭാവമാണ് കൂടുതൽ ഉത്തമം എന്നു ഞാൻ ചിന്തിക്കുന്നു. അവൻ പറയുന്നത്: “കർത്താവേ, ഈ ജനങ്ങളുടെ പ്രശ്നമൊന്നും പരിഹരിക്കാനുള്ള കഴിവ് എനിക്കില്ല. അതിനു നിനക്കേ കഴിയൂ എന്നെനിക്കറിയാം. നീയാണ് അതു ചെയ്യുന്നതെങ്കിൽ പിന്നെ എന്റേത് ഞാൻ സൂക്ഷിച്ചുവയ്ക്കുന്നത് എന്തിന്? ഇതു സ്വീകരിച്ചാലും. ഇത് എന്തെങ്കിലുമുണ്ടായിട്ടല്ല ... എന്തായാലും നീ എല്ലാവർക്കും ഭക്ഷണം കൊടുക്കുമ്പോൾ എനിക്കും ആവശ്യത്തിനു കഴിക്കാമല്ലോ. പിന്നെ ഞാൻ എനിക്കായി എന്തെങ്കിലും എന്തിനു സൂക്ഷിക്കണം... ഇതു സ്വീകരിച്ചാലും കർത്താവേ''. പ്രശ്നം പരിഹരിച്ചോളാം; അതിനുള്ള സാഹചര്യങ്ങളെ നീ ഒരുക്കിത്തരിക എന്നു നാം ദൈവത്തോട് പറയുന്നത് ഔന്നത്യമാണ്.

**പ്രശ്നപരിഹാരത്തിന് ചുറ്റുപാടുകളിലേക്കു നോക്കുന്നത് നിർത്തുക. യേശുവിങ്കലേക്കു മാത്രം നോക്കുക. അവിടുന്ന് അത് ഭംഗിയായി നിർവഹിക്കും. അതിലൊരു ഭാഗഭാക്കാകാൻ നമുക്ക് ആഗ്രഹമുണ്ടെങ്കിൽ നമുക്കുള്ളത് നാം അങ്ങോട്ടു കൊടുക്കുക. എന്തായാലും അവിടുന്നു നമ്മെ നിറയ്ക്കാൻ പോകുകയല്ലെ?**

പ്രശ്നപരിഹാരത്തിന് ചുറ്റുപാടുകളിലേക്കു നോക്കുന്നത് നിർത്തുക. യേശുവിങ്കലേക്കു മാത്രം നോക്കുക. അവിടുന്ന് അത് ഭംഗിയായി നിർവഹിക്കും. അതിലൊരു ഭാഗഭാക്കാകാൻ നമുക്ക് ആഗ്രഹമുണ്ടെങ്കിൽ നമുക്കുള്ളത് നാം അങ്ങോട്ടു കൊടുക്കുക. എന്തായാലും അവിടുന്നു നമ്മെ നിറയ്ക്കാൻ പോകുകയല്ലെ? പിന്നെയെന്തിന് നമ്മുടെ കയ്യിലുള്ളത് നാം സൂക്ഷിച്ചുവയ്ക്കണം? കാര്യനിർവഹണത്തിന് ഓരോരുത്തർക്കുമുള്ള കഴിവുകേടിനെ തിരിച്ചറിഞ്ഞ്, പ്രതിസന്ധികളെ മനസിലാക്കുക, ഒപ്പം നമ്മെയും നമുക്കുള്ള സകലത്തെയും ദൈവകരങ്ങളിൽ സമർപ്പിക്കുക. അങ്ങനെ ജീവിതത്തിലെ പ്രതിസന്ധികളുടെ നടുവിൽ ദൈവമഹത്വം കാണുവാൻ ദൈവം സഹായിക്കും നിശ്ചയം! ●

# ഉന്മാദ ലഹരി ഭീകരതയിലേക്കു നയിക്കും

ആസ്ട്രേലിയയിലെ സിഡ്നിയിൽ കഴിഞ്ഞ മാസത്തിൽ അരങ്ങേറിയ രണ്ടു സംഭവങ്ങൾ അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്നതായിരുന്നു. ജനബാഹുല്യമുള്ള ഒരു മാളിലൂടെ ഓടി നടന്ന് സുബോധമറ്റ ഒരു യുവാവ് ആറു പേരെ നിർദ്ദാക്ഷിണ്യം കുത്തിക്കൊലപ്പെടുത്തി. രണ്ടു പേർ മാരകമായ മുറിവേറ്റ് ആശുപത്രിയിലായി. ലഹരിക്കടിമയെന്നു സംശയിക്കുന്ന യുവാവിനെ പൊലീസ് വെടിവച്ചു കൊലപ്പെടുത്തി. ചില ദിവസങ്ങൾക്കു ശേഷം ഒരു ബിഷപ്പിനെയും ഒരു കൗമാരക്കാരൻ പള്ളിക്കുള്ളിൽ കയറി കത്തികൊണ്ടു കുത്തി മാരകമായി പരുക്കേല്പിച്ചു. പതിനഞ്ചു വയസുകാരനായ അക്രമിയെ പൊലീസ് അറസ്റ്റ് ചെയ്തു. ചില കൗമാരക്കാരെക്കൂടി അറസ്റ്റ് ചെയ്തു എന്ന് തുടർവാർത്തയുമുണ്ട്. ഈ വാർത്തകൾ ഭാരതത്തിലെയും വിദേശരാജ്യങ്ങളിലെയും പത്രങ്ങളും ദൃശ്യമാധ്യമങ്ങളും റിപ്പോർട്ടു ചെയ്തിരുന്നു. ലഹരിക്ക് അടിമകളായി നിരവധി യുവതീയുവാക്കൾ അലഞ്ഞു തിരിയുന്നത് ഒറ്റപ്പെട്ട സംഭവമല്ല. വ്യക്തിപരമായ സ്വാതന്ത്ര്യം ഇത്തരം ഭീകര കൃത്യങ്ങളിൽ ചെന്നെത്തുന്നത് അർഹിക്കുന്ന ഗൗരവത്തോടെ അധികാരികൾ പരിഗണിക്കേണ്ടതുണ്ട്. ഈ രണ്ടു സംഭവങ്ങളുടെയും അടിസ്ഥാന കാരണം ലഹരിവസ്തുക്കളുടെ അമിതമായ ഉപയോഗമാണെന്നത് അവിതർക്കിതമാണ്.

കേരളത്തിലും സ്കൂൾ, കോളജ് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരിയോടുള്ള വർദ്ധിച്ചു വരുന്ന അമിതാസക്തി ഭയാനകമാണ്. പ്രൈമറിസ്കൂളിൽ പഠിക്കുന്ന കൊച്ചുപെൺകുട്ടികൾ പോലും ലഹരിയൂതി രസിക്കുന്ന ഭീകരദൃശ്യങ്ങൾ വലിയ അപകടസാധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. സമൂഹത്തിന്റെ ഭാവിയെപ്പറ്റി കരുതലില്ലാതെ മുന്നോട്ടുപോകുന്ന മാതാപിതാക്കളും ഭരണനേതൃത്വവും ബന്ധപ്പെട്ട ക്രമസമാധാന പാലകരും ജുഡീഷ്യറിയും യുദ്ധകാല അടിസ്ഥാനത്തിൽ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ തിരികെ പിടിക്കാനാകാത്ത നാശനഷ്ടങ്ങളിലേയ്ക്കായിരിക്കും നിപതിക്കുക. ലഹരിയിൽ ആടിത്തിമിർക്കുന്ന പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വികൃതരൂപങ്ങൾ താണ്ഡവ നൃത്തമാടുന്നത് ഇനിയും കണ്ടില്ലെന്നു നടിക്കരുത്.

അനേകരെ തീയിൽ നിന്ന് വലിച്ചെടുക്കേണ്ട സമയത്തിന്റെ അന്ത്യനിമിഷത്തിൽ ആത്മിക നേതൃത്വം വന്നെത്തിയിരിക്കുന്നു. സഭകൾ, കാൽവറിയിൽ വെളിപ്പെടുത്തിയ സ്നേഹത്തെ പകർന്നു നൽകി രക്ഷാദൗത്യം അടിയന്തിരമായി നിർവഹിക്കേണ്ടതുണ്ട്. അതിവേഗം നാശത്തിലേക്കു പായുന്നവരെ ലഹരിയുടെ മാരകമായ പിടിയിൽനിന്നു മോചിപ്പിക്കുവാൻ നമുക്കു കടമയുണ്ട്. നാം ഇനിയും വെറുതെയിരുന്നാൽ നമ്മുടെ തലമുറ നശിക്കും. അവർ ലഹരിയുടെ ഉന്മാദത്തിൽ വിഷാദരോഗികളും ഭ്രാന്തരുമായി മാറും. ലക്ഷ്യമില്ലാതെ തെരുവുകളിലൂടെ അലയും. അവസാനശ്വാസം വരെ മാതാപിതാക്കൾ മക്കളെയോർത്തു വിലപിക്കും. യുവതലമുറ ആത്മഹത്യയിലൂടെ നരകത്തിലെത്തും.

ചില കാര്യങ്ങൾ നമുക്കു ചെയ്യാം. പൂർവപിതാക്കളുടെ ആത്മീയതയിലേക്ക് നമുക്കു മടങ്ങി വരാം. കുഞ്ഞുങ്ങളുടെ ആത്മീയ പുരോഗതിയിൽ സഭകളും ഇടയന്മാരും കൂടുതൽ ശ്രദ്ധിക്കട്ടെ. മറ്റൊന്നും കൊടുത്തില്ലെങ്കിലും അവർക്ക് യേശുവിനെ കൊടുക്കാം. സഭകൾ കുഞ്ഞുങ്ങളെ അവഗണിക്കാതിരിക്കട്ടെ. കുഞ്ഞുങ്ങളുടെ ആത്മീയാഭിവൃദ്ധിക്ക് ഉതകുന്ന കാര്യങ്ങൾ സഭ കൂടുതലായി ക്രമീകരിക്കട്ടെ, പ്രാധാന്യം നൽകട്ടെ. കുട്ടികൾക്കും യുവാക്കൾക്കും വേണ്ടി പ്രവർത്തിക്കുന്ന ആത്മീയ പദ്ധതികൾ വലിയ തോതിൽ സഭകളിൽ രൂപീകരിക്കാം. മാതാപിതാക്കൾ മക്കളുടെ ആത്മീയ കാര്യത്തിൽ കൂടുതൽ ശ്രദ്ധയും ഉത്സാഹവും പുലർത്തട്ടെ. നമ്മുടെ കുട്ടികൾ നരകത്തിൽ പോകാതിരിക്കട്ടെ. ഇതിലൊക്കെ അധികമായി നമ്മുടെ തലമുറയെ ഓർത്ത് യേശുവിന്റെ മുഖത്തേക്ക് നോക്കി കരയാം. ഒറ്റക്കുട്ടി പോലും ലഹരിക്ക് അടിമയാകാതിരിക്കട്ടെ. •

# അവിശ്വാസവും അന്ധവിശ്വാസവും

അന്ധവിശ്വാസത്തിന്റെയും ദുർമന്ത്രവാദത്തിനിടയിലെ കൊലപാതകങ്ങളെക്കുറിച്ചുമുള്ള വാർത്തകൾ പ്രബുദ്ധ കേരളം എന്ന് നാം അഭിമാനിക്കുന്ന നമ്മുടെ സംസ്ഥാനത്ത് പല ജില്ലകളിലും അരങ്ങേറുന്നത് ഗൗരവത്തോടെ കാണേണ്ട വിഷയമാണ്! ഇത്തരം ഗൗരവമേറിയ വിഷയങ്ങളോട് സാമൂഹ്യപ്രവർത്തകരും സാംസ്കാരിക നായകന്മാരും രാഷ്ട്രീയപാർട്ടികളും ഒക്കെ നിസ്സംഗത പുലർത്തുന്നതും ഏറെ വേദനിപ്പിക്കുന്നു.

അന്ധവിശ്വാസവും ആഭിചാരവും ദുർമന്ത്രവാദവും സാത്താൻ ആരാധനയും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെപ്പോലും ആകർഷിക്കുന്നു. എന്തിന്, ദേശീയ രാഷ്ട്രീയ നേതാക്കന്മാരും പ്രാദേശിക നേതാക്കന്മാരും, ജ്യോതിഷികളുടെയും മന്ത്രവാദികളുടെയും ഒക്കെ അഭിപ്രായം തേടിയാണ് ഭരണത്തിലെ സുപ്രധാന കാര്യങ്ങൾ നടപ്പിലാക്കുന്നതെന്നും സാമൂഹ്യമാധ്യമങ്ങളിൽ വാർത്തയാണ്. ഏതു വിധേനയും പണവും സ്ഥാനവും ഉറപ്പിക്കാനുള്ള തത്രപ്പാടിലാണ് പലരും ഇത്തരം മ്ലേച്ഛതയുടെ പിന്നാലെ പോകുന്നതെന്നതാണ് സത്യം!

പഴയനിയമകാലത്ത് ഈജിപ്തിലെ ഫറവോൻെറ കൊട്ടാരത്തിലും ബാബിലോണ്യ, മേദ്യ, പാർസ്യ സാമ്രാട്ടുകളുടെ കൊട്ടാരങ്ങളിലും ആഭിചാരക്കാർക്കും മന്ത്രവാദികൾക്കും ശകുനവാദികൾക്കും വലിയ സ്ഥാനം കൽപ്പിച്ചിരുന്നത് വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. പുതിയനിയമസഭയുടെ ആദ്യവർഷങ്ങളിലും ആഭിചാരം ചെയ്യുന്നവരെക്കുറിച്ചും വെളിച്ചപ്പാടത്തികളെക്കുറിച്ചും മറ്റും അപ്പോസ്തല പ്രവർത്തികളിലും രേഖപ്പെടുത്തിയിട്ടുണ്ട്. അന്ധവിശ്വാസവും ദുരാചാരങ്ങളും വചനവിരുദ്ധമായ സമ്പ്രദായങ്ങളും ദൈവസഭയ്ക്കകത്തും അന്നുമുതൽ ഇന്നയോളം സ്ഥാനം പിടിച്ചിരിക്കുന്നത് അതിദു:ഖത്തോടെ അല്ലാതെ ഓർക്കാൻ വയ്യ.

തിരുവെഴുത്തുകൾക്കപ്പുറമായ മാനുഷിക സമ്പ്രദായങ്ങളെയും ബാഹ്യ ഭക്തിയുടെ ശബത്ത് ആചരണങ്ങളെയും മറ്റും യേശുക്രിസ്തു എന്നും വിമർശിച്ചിരുന്നു. ദൈവത്തോടുള്ള സജീവമായ ബന്ധത്തിന് അപ്പുറമുള്ള എല്ലാ ആത്മീയ പരിവേഷങ്ങളും ചടങ്ങുകളും അവിശ്വാസത്തിന്റെയോ അന്ധവിശ്വാസത്തിന്റെയോ ഇടർച്ച കല്ലുകൾ അത്രെ!

സത്യദൈവവും നിത്യജീവനുമായ യേശുക്രിസ്തുവിനെ മാറ്റിനിർത്തുന്ന എന്തും അവിശ്വാസമുള്ള ദുഷ്ടഹൃദയത്തിൽ നിന്ന് ഉടലെടുക്കുന്നുവെന്ന് അപ്പോസ്തലന്റെ മുന്നറിയിപ്പും ഓർക്കുന്നു. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട മരണാനന്തര നിത്യതയുടെ അതിവിശുദ്ധവിശ്വാസത്തിനായിട്ടുള്ള പോരാട്ടം ഇന്നാളുകളിൽ വിശ്വാസികളിൽ നിന്ന് ഏറെ ഉണ്ടാകേണ്ടതുണ്ട്.

-എംസി


RIGHTEOUS PATH PUBLICATION TRUST

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.05.2024

NERVEEDHI - MAY 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ













എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336,8547916678




ഇപ്പോൾ
ലഭ്യമാണ്

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.